# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പറ്റ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-423/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 23/06/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പറ്റ മുനിസിപ്പാലിറ്റി

സർ,

വിഷയം : കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്ര സഹിതം)
2. റീജിയണൽ ഡയറക്ടർ, അർബൻ അഫയേഴ്സ്, കോഴിക്കോട്
3. കാര്യാലയ പതർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-എം3-423/2022 തീയ്യതി: 23/06/2022

## വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വസന്ത. പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2020 | 31-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 17-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രശാന്ത് സി.വി,(ഓഡിറ്റ് ഓഫീസർ)
ശ്രീ നവാസ് കെ.എം.,(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ ഡേവിഡ് കെ.വി,(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ അലി അക്ബർ .കെ,(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി ഇന്ദു കെ നായർ,(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി റ്റിജി വർഗ്ഗീസ്,(ഓഡിറ്റർ)
ശ്രീമതി സൗമ്യ ജോൺ,(ഓഡിറ്റർ)

ശ്രീ അനിൽ ജോസ് ഡൊമനിക്ക്,(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സനിത ജഗദീഷ് | ചെയർപേഴ്സൺ | 01-04-2020 | 31-03-2021 |
| ശ്രീ. ദേവദാസ് പി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 05-07-2021 |
| ശ്രീ. സന്ദീപ് കുമാർ. വി.എസ് | സെക്രട്ടറി | 06-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിജു.വി.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബുരാജ് എം എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ജംഷീദ് സി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. അഖിൽ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സജീവൻ പി റ്റി | പ്രിൻസിപ്പൽ | 01-04-2020 | 31-03-2021 |
| ശ്രീ. ബാവ എം സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ജയകൃഷ്ണൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകുമാർ | സൂപ്രണ്ട് ജനറൽ ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീ. അയ്യപ്പൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-06-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Shaju Thomas (Audit Officer, On 23-06-2022) | 1-8 |
| 9 | വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Tiji Varghese (Auditor, On 17-05-2022) | 1-9 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Shaju Thomas (Audit Officer, On 23-06-2022) | 1-9-1 |
| 11 | വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-9-2 |
| 12 | പാസ്ബുക്കുകളും അവയുടെ റിക്കൺസിലിയേഷൻ പത്രികകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല:-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-9-3 |
| 13 | പ്രവ്യത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തി ശീർഷകത്തിലേക്ക് മാറ്റുന്നില്ല<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-06-2022) | 1-9-4 |
| 14 | വസ്തു നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടാനുള്ള തുകയും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | 1-9-5 |
| 15 | ബാങ്ക് പലിശയുടെ വിവരങ്ങൾ ഹാജരാക്കിയില്ല<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 26-05-2022) | 1-9-6 |
| 16 | തനത് വരുമാനം സൂക്ഷിക്കുന്ന എസ് ബി ഐ അകൗണ്ടിൽ 2016 മുതൽ | 1-9-7 |

| | | |
|---|---|---|
| | 19,88,748/-രൂപയുടെ ചെക്കുകൾ പണമായി പിരിഞ്ഞു കിട്ടാനുണ്ട്. പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 10-06-2022) | |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-9-8 |
| 18 | ബാങ്കിൽ ഹാജരാക്കാത്ത 1,16,812/- രൂപയുടെ ചെക്കിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Prasanth C V (Audit Officer, On 17-05-2022) | 1-9-9 |
| 19 | കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിൽ നഗരസഭ തെറ്റായ ബാധ്യത കാണിക്കുന്നു<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-9-10 |
| 20 | വാർഷിക കണക്കും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-06-2022) | 1-9-11 |
| 21 | വാർഷിക കണക്കിൽ നഗരസഭ ആസ്തി പെരുപ്പിച്ചു കാണിക്കുന്നു<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-9-12 |
| 22 | വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-06-2022) | 1-9-13 |
| 23 | ആഭ്യന്തരനിയന്ത്രണം<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Shaju Thomas (Audit Officer, On 23-06-2022) | 1-10 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 26-05-2022) | 1-11 |
| 25 | നഗരസഭയുടെ വാടക കുടിശ്ശിക വർദ്ധിക്കുന്നു<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-12 |
| 26 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Prasanth C V (Audit Officer, On 17-05-2022) | 1-13 |
| 27 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Tiji Varghese (Auditor, On 17-05-2022) | 1-13-1 |
| 28 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു:-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Tiji Varghese (Auditor, On 17-05-2022) | 1-13-2 |
| 29 | രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല:-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Prasanth C V (Audit Officer, On 17-05-2022) | 1-13-3 |

| | | |
|---|---|---|
| 30 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല:-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Tiji Varghese (Auditor, On 17-05-2022) | 1-13-4 |
| 31 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല:-<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-13-5 |
| 32 | പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-13-6 |
| 33 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ<br>Written By: Soumya John (Auditor, On 20-05-2022)<br>Last Updated By: Soumya John (Auditor, On 20-05-2022) | 1-14 |
| 34 | നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Soumya John (Auditor, On 20-05-2022)<br>Last Updated By: Soumya John (Auditor, On 20-05-2022) | 1-14-1 |
| 35 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു<br>Written By: Soumya John (Auditor, On 22-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-14-2 |
| 36 | പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു<br>Written By: Soumya John (Auditor, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-14-3 |
| 37 | ഹോട്ടലുകൾക്കും വിവിധ ഭക്ഷ്യോത്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിലും തുടർപരിശോധനകൾ കാര്യക്ഷമമായി നടത്തുന്നില്ല.<br>Written By: Soumya John (Auditor, On 22-05-2022)<br>Last Updated By: Soumya John (Auditor, On 22-05-2022) | 1-14-4 |
| 38 | മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: Indu K Nair (Senior Grade Auditor, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-15 |
| 39 | വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല, ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യത ഉറപ്പുവരുത്തിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-16 |
| 40 | വാർഡ് സഭ അംഗീകാരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹജരാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-17 |
| 41 | പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന റിപ്പയർ - എൽ.എസ്.ജി.ഡി. എഞ്ചിനീയറെ കൊണ്ട് എസ്റ്റിമേറ്റുകൾ പരിശോധിപ്പിക്കാതെ ധനസഹായം അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-18 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾ മരണമടഞ്ഞിട്ടും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു<br>Written By: Soumya John (Auditor, On 19-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-19 |
| 43 | തുടർ വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് - അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-20 |
| 44 | മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: K.M.Navaz (Asst. Audit Officer, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-21 |

| | | |
|---|---|---|
| 45 | നഗരസഭയുടെ കണക്കിൽ പെടുത്താതെ ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-22 |
| 46 | ടെണ്ടർ ബിലോ ലഭ്യമാക്കേണ്ടതാണ് കുറവ് വരുത്തിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-23 |
| 47 | ടവറുകളുടെ നികുതി സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പുനർനിർണയിച്ചിട്ടില്ല.<br>Written By: Anil Jose Dominic (Auditor, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-24 |
| 48 | ടവറുകളുടെ നികുതി നിർണയത്തിനായി വിസ്തീർണം കണക്കാക്കിയതിലെ അപാകതക-മുനിസിപ്പാലിറ്റിക്ക് 5042 രൂപ നഷ്ടം സംഭവിച്ചു<br>Written By: Anil Jose Dominic (Auditor, On 20-05-2022)<br>Last Updated By: Anil Jose Dominic (Auditor, On 20-05-2022) | 1-25 |
| 49 | മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളുടെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Anil Jose Dominic (Auditor, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-26 |
| 50 | നിർമാണം പൂർത്തിയാകാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു<br>Written By: Anil Jose Dominic (Auditor, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-27 |
| 51 | പഴയ കേന്ദ്രീയവിദ്യാലയം നവീകരിച്ച് പകൽവീട് പൂർത്തീകരണം -നിലവിൽ പ്രവർത്തനക്ഷമമല്ല.<br>Written By: Prasanth C V (Audit Officer, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 23-06-2022) | 1-28 |
| 52 | പകൽവീട് മുറ്റം അഭിവൃദ്ധിപ്പെടുത്തൽ-പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല<br>Written By: Prasanth C V (Audit Officer, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-29 |
| 53 | പൊതുമരാമത്ത് പ്രവർത്തി-പൊതുഅപാകതകൾ<br>Written By: Prasanth C V (Audit Officer, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-30 |
| 54 | കുടുംബശ്രീ ഷീ ലോഡ്ജ് നിർമ്മാണം-നാളിതുവരെ പ്രവർത്തനക്ഷമമായില്ല<br>Written By: Prasanth C V (Audit Officer, On 20-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-31 |
| 55 | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തി<br>Written By: Anil Jose Dominic (Auditor, On 21-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-32 |
| 56 | സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന് കാലതാമസം സംഭവിച്ചു-മുനിസിപ്പാലിറ്റിക്ക് വരുമാനനഷ്ടം.<br>Written By: Anil Jose Dominic (Auditor, On 21-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-33 |
| 57 | വാടക കുടിശ്ശിക-ഡിമാന്റിൽ കുറവ് വരുത്തി<br>Written By: Tiji Varghese (Auditor, On 17-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-34 |
| 58 | സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി - ₹ 88,326.00 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-35 |
| 59 | സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി - ₹ 51,126 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022) | 1-36 |

| | | |
|---|---|---|
| | Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | |
| 60 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 9,10,000തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-37 |
| 61 | എസ്.എസ്.എ വിഹിതം - ₹ 88,509 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-38 |
| 62 | ജീവനം പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 2,00,000തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-39 |
| 63 | കാരാപ്പുഴ കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 3,15,75,000 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-40 |
| 64 | സാമൂഹ്യ സുരക്ഷ മിഷൻ- മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 10,00,000 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-41 |
| 65 | എസ്.എസ്.എ - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 60,13,716.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-42 |
| 66 | ജനറൽ കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹10,00,000.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-43 |
| 67 | എസ്.സി കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹ 2,28,000.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-44 |
| 68 | എസ്.ടി - കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 2,12,000 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-45 |
| 69 | സർക്കാർ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-46 |
| 70 | സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനത്തിന് ധനസഹായം നൽകി.<br>Written By: David K.V (Asst. Audit Officer, On 24-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 1-47 |
| | ഭാഗം **2** | |
| 1 | ടവറുകളുടെ നികുതി നിർണയിക്കുന്നതിനായി കെട്ടിടവിസ്തീർണം കണക്കാക്കിയതിൽ അപാകതക സംഭവിച്ചു- നഗരസഭയ്ക്ക് 5042 രൂപ നഷ്ടം<br>Written By: Anil Jose Dominic (Auditor, On 20-05-2022)<br>Last Updated By: Anil Jose Dominic (Auditor, On 20-05-2022) | 2-1 |
| | ഭാഗം **3** | |
| 1 | സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി - ₹ 88,326.00 | 3-1 |

| | | |
|---|---|---|
| | അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 24-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 24-05-2022) | |
| 2 | സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി - ₹ 51,126 അധികം നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 23-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 18-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 13-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 18-05-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 16-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 ലെ ബജറ്റ്, 30/03/2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22/02/21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, വകുപ്പ് 285 പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, കൽപ്പറ്റ നഗരസഭയുടെ 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , നഗരസഭ കൗൺസിൽ തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2.ബഡ്ജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.

2. ബജറ്റ് നോട്ട്സ്.

3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബജറ്റ്.

5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രമാണങ്ങളിൽ ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ നഗരസഭ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, നഗരസഭ തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റ് അപൂർണ്ണമാണ്.

3.ബജറ്റ് വാസ്തവികമല്ല

ബജറ്റ് വാസ്തവികമായിരിക്കേണ്ടതാണ്. നഗരസഭയുടെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.
നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും യഥാർത്ഥ വരവ് ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ്(₹) | 55,32,580.00 | 68,12,442.00 | 6,76,43,526.00 |
| വരവ്(₹) | 41,50,25,000.00 | 43,76,25,653.00 | 28,22,26,314.00 |
| ആകെ(₹) | 42,05,57,580.00 | 44,44,38,095.00 | 34,98,69,840.00 |
| ചെലവ്(₹) | 41,40,57,580 | 40,12,24,095.00 | 28,44,18,930 |

| | | | |
|---|---|---|---|
| നീക്കിബാക്കി(₹) | 65,00,000.00 | 4,32,14,000.00 | 6,54,50,910.00 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 29.07.2021 | ഇല്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 6,76,43,526.00 |
| വരവ് | ₹ 28,22,26,314.00 |
| ആകെ | ₹ 34,98,69,840.00 |
| ചെലവ് | ₹ 28,44,18,930.00 |
| നീക്കിയിരിപ്പ് | ₹ 6,54,50,910.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | സി.ബി/ ലാപ്സായ തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 4,21,07,067 | 4,21,07,067 | 4,01,66,399 | 19,40,668 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 83,19,000 | 83,19,000 | 44,68,000 | 38,51,000 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1,04,89,333 | 1,04,89,333 | 1,00,23,851 | 4,65,482 |
| മെയിന്റനൻസ്, റോഡ് (ACR | 0 | 1,79,04,900 | 1,79,04,900 | 1,78,33,678 | 71,222 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം ) | 0 | 11,13,33,244 | 11,13,33,244 | 87,93,873 | 23,39,371 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം ) | 0 | 9,66,02,939 | 9,66,02,939 | 7,17,21,218 | 2,48,31,721 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,48,23,805 | 1,48,16,392 | 2,96,40,197 | 2,86,40,197 | 10,00,000 |

വലിയ തുക പദ്ധതി ചെലവിലേക്ക് ഉപയോഗിക്കാതെ നഷ്ടപ്പെട്ടു പോകുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 317 | 25,61,83,993 | 215 | 15,30,57,019 | 0 | 102 | 67.82% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവ് % |
|---|---|---|---|---|---|
| പട്ടിക ജാതി വികസന ഓഫീസർ | 6 | 4 | 37,40,000 | 23,15,000 | 61.89 |
| കൃഷി ഓഫീസർ | 16 | 10 | 36,66,668 | 19,63,434 | 53.54 |
| ടി.ഇ.ഒ | 3 | 2 | 15,95,231 | 5,91,331 | 37.06 |
| സെക്രട്ടറി, നഗരസഭ | 64 | 35 | 9,27,44,936 | 5,34,67,582 | 57.65 |
| വെറ്റിനറി സർജൻ | 4 | 3 | 60,00,000 | 32,84,060 | 54.73 |
| അസിഎഞ്ചിനീയർ | 208 | 140 | 13,40,21,357 | 7,51,69,583 | 56.08 |
| ICDS സൂപ്പർ വൈസർ | 3 | 3 | 57,00,000 | 35,00,000 | 61.40 |
| പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 5 | 5 | 18,50,000 | 16,89,587 | 91.32 |
| സൂപ്രണ്ട്, ജനറൽ | 15 | 13 | 1,52,05,801 | 1,10,76,442 | 72.84 |

| ആശുപത്രി | | | | | |
|---|---|---|---|---|---|

## 1-6 അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി

| മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | | | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|---|
| | | | ഭരണ ചെലവുകൾ | ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽസ് | |
| 2,23,113 | 1,50,55,850 | 1,52,78,963 | 4,37,451 | 1,22,94,309 | 8,14,698 | 17,32,505 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | Nil |
| കർഷകതൊഴിലാളി പെൻഷൻ | 28,75,000.00 | 207 |
| വിധവാപെൻഷൻ | 1,67,60,700.00 | 1243 |
| വാർദ്ധക്യകാലപെൻഷൻ | 2,41,96,900.00 | 2056 |
| വികലാംഗപെൻഷൻ | 43,33,700.00 | 320 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000.00 | 2 |

മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 06.05.2022-ാം തീയ്യതിയിൽ 3.30 മണിയ്ക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,410.00 രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 16.07.2021 തിയ്യതിയിലെ 2/2021 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ് വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1-9-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ

സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിംഗ് കുറിപ്പുകൾ വാർഷിക കണക്കിനോടോപ്പം സമർപ്പിക്കണമെന്ന് മുൻവർഷങ്ങളിൽ നിരന്തരമായി നിർദ്ദേശിച്ചിരുന്നുവെങ്കിലും അക്കൗണ്ടിംഗ് കുറിപ്പുകൾ വാർഷിക കണക്കിനോടോപ്പം സമർപ്പിച്ചിട്ടില്ല.

## 1-9-2 വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല-

വിവിധ രജിസ്റ്ററുകൾ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുന്നില്ല.മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ ചുവടെ കൊടുത്തിരിക്കുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്റർ -

തൻവർഷം RP-27 പ്രകാരം 2,78,224/-രൂപ വിവിധ ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയ്ക്ക് വരുമാനമുള്ളതും ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരം 99,06,157.99/- രൂപ വിവിധ സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് ഡെപ്പോസിറ്റ് സ്വീകരിച്ച ഇനത്തിൽ തിരികെ നൽകാനുള്ളതുമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന അകൗണ്ട് ശീർഷകത്തിലുള്ള ഡെപ്പോസിറ്റുകൾ നഗരസഭ തിരികെ നൽ കാനുള്ളതായി കാണുന്നു. ഇവ ഏതൊക്കെ ഇനത്തിൽ ആർക്കൊക്കെ നൽകാനുള്ളതാണെന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് കോഡ് | അക്കൗണ്ട് ഹെഡ്സ് | തുക |
|---|---|---|
| 340100201 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 7,675 |
| 340100301 | കോൺട്രാക്ടേഴ്സ് റീടെൻഷൻ മണി | 1,49,320 |
| 340809900 | മറ്റുള്ള ഡെപ്പോസിറ്റുകൾ | 48,65,329 |

2.മുൻകൂർ രജിസ്റ്റർ -

ബാലൻസ് ഷീറ്റ് ബി 18ഷെഡ്യൂൾ പ്രകാരം വിവിധ തരം മുൻകൂറുകൾ നൽകിയ ഇനത്തിൽ 78,53,392/- രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും അഡ്വാൻസ് ഇനത്തിൽ കഴിഞ്ഞ 4 വർഷങ്ങളായി കൊടുത്ത തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് കോഡ് | അക്കൗണ്ട് ഹെഡ്സ് | തുക |
|---|---|---|
| 460500200 | Advance To Implementing Agencies | 2,40,000 |
| 460500201 | Advance To Implementing Agencies-Muncipal Fund | 13,21,000 |
| 460600100 | Electricity Deposit | 1,48,368 |

നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറും ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയും ഫൈനൽ ബിൽ നൽകിയപ്പോൾ ക്രമീകരിക്കാതെ നൽകിയതിനാലാണ് മേൽ തുക അഡ്വാൻസ്/ ഡെപ്പോസിറ്റ് ഇനത്തിൽ ആസ്തിയായി കാണുന്നത്. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.2019-20 വർഷ ഓഡിറ്റിൽ മേൽ അപാകത ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ അപാകത പരിഹരിക്കുകയോ ചെയ്തിട്ടില്ല.

## 1-9-3 പാസ്ബുക്കുകളും അവയുടെ റിക്കൺസിലിയേഷൻ പത്രികകളും ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല:-

അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുണ്ടെങ്കിലും അവയുടെ പാസ്ബുക്കുകളും അവയുടെ റിക്കൺസിലിയേഷൻ പത്രികകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | വാർഷിക ധനകാര്യ പത്രിക പ്രകാരം 31/03/2021 ലെ നീക്കിയിരിപ്പ് |
|---|---|---|
| I) | പോസ്റ്റ് ഓഫീസ് (എസ്.ബി-97912) | ₹ 21,320/- |
| Ii) | ട്രഷറി അക്കൗണ്ട് നമ്പർ.186 | ₹ 8,724/- |
| Iii) | ട്രഷറി അക്കൗണ്ട് നമ്പർ . TPA-50 | ₹2,09,754/- |
| Iv) | ട്രഷറി അക്കൗണ്ട് നമ്പർ TPA -107 | ₹1,00,000/- |
| V) | ട്രഷറി അക്കൗണ്ട് നമ്പർ.108 | ₹40,02,897/- |

മേൽപ്പറഞ്ഞ അക്കൗണ്ടുകളുടെ പാസ്ബുക്കുകളും റിക്കൺസിലിയേഷൻ പത്രികകളും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് 2019-20 സാമ്പത്തിക വർഷം നൽകിയ ഓഡിറ്റ് എൻക്വയറി നം.06/19-20 തിയ്യതി. 13.01.2021 ക്ക് മറുപടിയായി പോസ്റ്റ് ഓഫീസ് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ഗവ ഉത്തരവിന്റെ ഭാഗമായി ട്രഷറി അക്കൗണ്ടിലെ തുകകൾ ഗവൺമെന്റിലേക്ക് പിൻവലിച്ചിട്ടുണ്ടെന്നും കൗൺസിൽ തീരുമാനമെടുത്ത് നഗരസഭാ അക്കൗണ്ടിൽ നിന്നും കറവ് വരുത്തുന്നതാണെന്നും അറിയിച്ചുവെങ്കിലും 2020-21 സാമ്പത്തീക വർഷ വാർഷിക കണക്കിലും മേൽ അക്കൗണ്ടുകൾ പ്രതിഫലിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി.നം. 07/20-21,തീയതി 9.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9-4 പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തി ശീർഷകത്തിലേക്ക് മാറ്റുന്നില്ല

2020-21 സാമ്പത്തീക വർഷാവസാനം വരെ പാർട്ട് പെയ്മെന്റ് നൽകിയ ബില്ലുകളുടെ പണി പൂർത്തീകരിക്കാനുണ്ടെങ്കിൽ പണി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിവരങ്ങളും പ്രസ്തുത പ്രവൃത്തികൾക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ(നം. 09/2020-21,തീയതി 11.05.2022)പാർട്ട് പെയ്മെന്റ് നൽകിയിട്ടില്ലെന്നാണ് നഗരസഭാ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിച്ചത്.എന്നാൽ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-9) അക്കൗണ്ട് ഹെഡ്ഡ് 412010100 മുതൽ 412200100 വരെ യുള്ള അക്കൗണ്ട് ശീർഷകത്തിൽ 20,58,46,387/-രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ ആസ്തിയായി കാണിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആസ്തി ശീർഷകത്തിലേക്ക് മാറ്റാത്തതിനാലാണ് മേൽ അപാകത സംഭവിച്ചത്. അപാകത പരിഹരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-9-5 വസ്തു നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടാനുള്ള തുകയും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി, വസ്തു നികുതി കുടിശ്ശിക എന്നിവ പരിശോധിച്ചതിൽ വസ്തു നികുതി കുടിശ്ശികയിനത്തിലും വസ്തു നികുതിയിനത്തിലും പിരിഞ്ഞു കിട്ടാനുള്ള തുകയിൽ വ്യത്യാസം കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

A.വസ്തു നികുതി കുടിശ്ശിക:-

| | |
|---|---|
| 19-20 വാർഷിക കണക്ക് പ്രകാരം തൻ വർഷ കുടിശ്ശിക(schedule B15) | 44,68,795 |
| 19-20 വാർഷിക കണക്ക് പ്രകാരം മുൻ വർഷ കുടിശ്ശിക(schedule B15) | 3,43,949 |
| ആകെ കുടിശ്ശിക | 48,12,744 |

| | |
|---|---|
| 20-21 വാർഷിക കണക്ക് പ്രകാരം തൻ വർഷം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക(RP 37) | 69,06,950 |
| 20-21 വാർഷിക കണക്ക് പ്രകാരം തൻ വർഷം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക((schedule B15) | 16,69,814 |

വാർഷിക കണക്ക് പ്രകാരം മുൻ വർഷ കുടിശ്ശിക ₹ 48,12,744/- ആണ്. തൻ വർഷം കുടിശ്ശിക ഇനത്തിൽ ₹69,06,950/-പിരിച്ചെടുത്തിട്ടുണ്ട്. 20,94,206/-രൂപ അധികമായാണ് കുടിശ്ശിക ഇനത്തിൽ പിരിച്ചെടുത്തിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് Schedule B15 പ്രകാരം വസ്തു നികുതി മുൻ വർഷ കുടിശ്ശികയിനത്തിൽ 16,69,814/- രൂപ കിട്ടാനുള്ളതായി കാണുന്നു.

2.വസ്തു നികുതി (വാർഷിക കണക്ക് പ്രകാരം)

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി | 2,32,47,450 | 1,84,71,010 | 50,86,477 |

വാർഷിക കണക്ക് പ്രകാരം തൻ വർഷ വസ്തുനികുതി ഡിമാന്റ് ₹ 2,32,47,450/- യും കളക്ഷൻ 1,84,71,010/- രൂപയും ബാലൻസ് 50,86,477/- രൂപയുമാണ്. തൻ വർഷ കുടിശ്ശികയിനത്തിൽ 3,10,037/- രൂപ അധികം കാണിച്ചിട്ടുണ്ട്

(2,32,47,450 -1,84,71,010=4776440-50,86,477=3,10,037). അപാകതയ്ക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം. 09/2020-21,തീയതി 10.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-9-6 ബാങ്ക് പലിശയുടെ വിവരങ്ങൾ ഹാജരാക്കിയില്ല

വിവിധ അകൗണ്ടുകളിൽ നിന്നുള്ള പലിശയിനത്തിൽ 3,03,353/-രൂപ (RP-8) നഗരസഭയ്ക്ക് വരുമാനമുണ്ട്. പലിശയിനത്തിൽ വരവ് വന്ന ഈ തുക ഏതൊക്കെ അകൗണ്ടിൽ നിന്നാണെന്നുള്ള വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.തൻവർഷം ലഭിക്കാനുള്ള എല്ലാ പലിശയും കൃത്യമായ നിരക്കിൽ ലഭ്യമായോ എന്നും ആയത് അകൗണ്ടിൽ ഉൾപ്പെടുത്തിയോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.വിവിധ അകൗണ്ടുകളിൽ നിന്നും ലഭിച്ച പലിശയുടെ വിവരങ്ങൾ അകൗണ്ട് തിരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-9-7 തനത് വരുമാനം സൂക്ഷിക്കുന്ന എസ് ബി ഐ അകൗണ്ടിൽ 2016 മുതൽ 19,88,748/-രൂപയുടെ ചെക്കുകൾ പണമായി പിരിഞ്ഞു കിട്ടാനുണ്ട്. പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല-

തനത് വരുമാനം സൂക്ഷിക്കുന്ന എസ് ബി ഐ അകൗണ്ടിന്റെ(No.450210100) റിക്കൺസീലിയേഷൻ പത്രിക പ്രകാരം വിവിധ വരവിനങ്ങളിലായി ലഭിച്ച 19,88,748/- രൂപയുടെ ചെക്കുകൾ പണമായി മാറാനുണ്ട്.വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2016 | 12,591/- |
| 2017 | 14,764/- |
| 2019 | 60,506/- |
| 2020 | 1,86,854/- |
| 2021 | 17,14,033/- |
| ആകെ | 19,88,748/- |

കേരള മുൻസിപ്പാലിറ്റി ആക്റ്റ് ചട്ടം 20 പ്രകാരം ഏതെങ്കിലും ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ ചെക്ക് നൽകിയ ആളെ ചെക്ക് മടങ്ങിയ വിവരം അറിയിച്ച് ബാങ്ക് ചാർജ്ജ് അടക്കമുള്ള തുക ഈടാക്കേണ്ടതും രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്. 2016 മുതൽ നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ പണമായി മാറാനുണ്ട്. മേൽ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് 2019-20 സാമ്പത്തീക വർഷം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.05/19-20,തീയതി 12.01.2022 ) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ബാങ്ക് റിക്കൺസീലിയേഷൻ പത്രിക പ്രകാരം 19,88,748/-രൂപയുടെ ചെക്കുകൾ പണമായി മാറാനുണ്ട് ഈ ചെക്കുകളുടെ വിശദവിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-9-8 ജീവനക്കാരുടെ തൊഴിൽ നികുതി റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ ഇല്ലാത്ത വരവിനമായ ജീവനക്കാരുടെ തൊഴിൽ നികുതി റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | ഇൻകം& എക്സ്പെന്റിച്ചർ |
|---|---|

| ഹെഡ്ഡ് | സ്റ്റേറ്റ്മെൻറ്(I-I) |
|---|---|
| 110100200- Profession Tax Of Employees | ₹1,22,00,825/- |

## 1-9-9 ബാങ്കിൽ ഹാജരാക്കാത്ത 1,16,812/- രൂപയുടെ ചെക്കിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

കേരള ഗ്രാമീൺബാങ്ക് NULM അകൗണ്ടിന്റെ (നം.450420200)റിക്കൺസീലിയേഷൻ പത്രിക പ്രകാരം 1,16,812/- രൂപ (ചെക്ക് നം.027612, വൗച്ചർ നം.32000376 Dtd 12/02/21)Cheque Issued But Not Presented Into Bank ഇനത്തിൽ ബാങ്ക് ബുക്ക് ബാലൻസിനോട് കൂട്ടിയിട്ടുണ്ട്. എന്നാൽ 1,16,812/- രൂപയുടെ ചെക്കിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-9-10 കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിൽ നഗരസഭ തെറ്റായ ബാധ്യത കാണിക്കുന്നു

കേരള മുനിസിപ്പാലിറ്റി അക്കൌണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)പ്രകാരം പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായി ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്. ഇതിൻ പ്രകാരം ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് 350800100 പ്രകാരം കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിൽ 46,70,849/- രൂപയുടെ ചെക്കുകൾ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

RP 23 പ്രകാരം തൻ വർഷം 1,40,730/- രൂപയുടെ കാലാവധി കഴിഞ്ഞ ചെക്കുകൾ ഉണ്ട്. ബാങ്ക് റിക്കൺസീലിയേഷൻ പത്രിക പരിശോധിച്ചതിൽ തനത് വരുമാനം സൂക്ഷിക്കുന്ന എസ് ബി ഐ അകൗണ്ടിൽ(No.450210100) 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത 71,090/- രൂപയുടെ ചെക്കുകളും 21,831/- രൂപയുടെ മൂന്നുവർഷത്തിലധികമായി കാലാവധി കഴിഞ്ഞ ചെക്കുകളും മാത്രമേ കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ.

350800100 എന്ന അകൗണ്ട് ശീർഷകത്തിൽ ഉൾപ്പെടുത്തിയ ചെക്കുകളുടെ വിശദമായ പത്രിക വർഷം തിരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-9-11 വാർഷിക കണക്കും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല-

വാർഷിക കണക്ക് തയ്യാറാക്കുന്നതിനു മുൻപ് രജിസ്റ്ററുകളുടെ സംഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കിയ കണക്കുകളാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടത്. 20-21 സാമ്പത്തിക വർഷ ഓഡിറ്റിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഒഴികെ മറ്റ് വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സംഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തിയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

I)രജിസ്റ്ററുകളുടെ സംഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

A.വാടക-

വാടകയിനത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റും കളക്ഷനും ബാലൻസും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 30,12,000 (Schedule 1-3) | 19,26,477 (RP 37) | 15,70,302 (B 15) |
| രജിസ്റ്റർ പ്രകാരം | 37,47,644 | 18,53,528 | 18,94,116 |
| വ്യത്യാസം | -7,35,644 | 72,949 | 3,23,814 |

B.ഡി&ഒ ലൈസൻസ്-

ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റും കളക്ഷനും ബാലൻസും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 19,00,000 (Schedule 1-4(b)) | 2,34,335+ 15,01,930= 1736265 (RP 37) | 1,63,735 (B 15) |
| രജിസ്റ്റർ പ്രകാരം | 20,67,105 | 20,63,855 | 3,250 |
| വ്യത്യാസം | -1,67,105 | 3,27,590 | 1,60,485 |

Ii)രജിസ്റ്ററുകളുടെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല -

വസ്തുനികുതി, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ തൻവർഷ ഡിമാന്റും കളക്ഷനും ബാലൻസും പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

Iii)വിവിധ വരവിനങ്ങളു ടെ കുടിശ്ശിക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല -

വിവിധ വരവിനങ്ങളിലെ കുടിശ്ശികയിനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ പിരിഞ്ഞു കിട്ടാനുണ്ട് എന്നാൽ ഇവയ്ക്കാധാരമായ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷ കുടിശ്ശിക | ആകെ കുടിശ്ശിക |
|---|---|---|---|
| വസ്തുനികുതി | 50,86,477 | 16,69,814 | 67,56,291 |
| സ്ഥാപന തൊഴിൽ നികുതി | 3,71,112 | 7,96,830 | 11,67,942 |
| ലൈസൻസ് ഫീസ് | 1,63,735 | 305,111 | 4,68,846 |
| വാടക | 15,70,302 | 5,94,118 | 21,64,420 |
| കിട്ടാനുള്ള മറ്റ് തുകകൾ | 85,08,637 | 81,75,657 | 16684294 |
| ആകെ കുടിശ്ശിക | 1,57,00,263 | 1,15,41,530 | 2,72,41,793 |

## 1-9-12 വാർഷിക കണക്കിൽ നഗരസഭ ആസ്തി പെരുപ്പിച്ചു കാണിക്കുന്നു

2020-21 സാമ്പത്തിക വർഷ വാർഷിക കണക്ക് പരിശോധനയിൽ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ അകൗണ്ട് കോഡ് 431409902(other Receivable) എന്നയിനത്തിൽ 81,75,657/- രൂപ കുടിശ്ശിക കിട്ടാനുള്ളതായി കാണുന്നു. ഈ തുക മുൻവർഷ ബാലൻസ് ഷീറ്റിലും പിരിഞ്ഞു കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്.2019-20 സാമ്പത്തിക വർഷ ഓഡിറ്റിൽ ഈ തുക ഏതിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതാണെന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9-13 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

1).2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലെ (നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)എം.3-1014/19 തീയതി: 03/02/2020) അനുബന്ധം-2 ആയി ഉൾപ്പെടുത്തിയ വാർഷിക കണക്കിലെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.

2.ടി എസ് പി ഫണ്ട് വകമാറ്റി ചെലവഴിച്ചു:-

2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ് സി ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായം പദ്ധതിക്കുവേണ്ടി(പദ്ധതി നം.186/20-21) എസ് സി പി ഫണ്ടിനു പകരം ടി എസ് പി ഫണ്ടിൽ വകയിരുത്തിയ 20,00,000/- രൂപയിൽ 15,00,000/- രൂപ ചെലവഴിക്കുകയാണുണ്ടായത്. ഫണ്ട്

വകമാറി ചെലവഴിക്കാനുണ്ടായ സാഹചര്യവും, ഫണ്ട് ടി എസ് പി ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും/തുക വകമാറി ചെലവഴിച്ചതിന് സർക്കാരിന്റെ സാധൂകരണം തേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(ഓഡിറ്റ് എൻക്വയറി.നം. 13/2020-21,തീയതി 13.05.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

3.കെട്ടിട നിർമ്മാണ ക്ഷേമനിധി അടവാക്കിയില്ല-

വിവിധ കരാറുകാരിൽ നിന്ന് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിനത്തിൽ നാളിതുവരെ 2,66,412/-രൂപ നഗരസഭ പിരിച്ചെടുത്തിട്ടുണ്ട് (ബി 9 350200214 എന്ന അകൗണ്ട് ശീർഷകത്തിൽ)ഈ തുക ക്ഷേമനിധി ബോർഡിൽ അടവാക്കിയിട്ടില്ല. Go(p) നം.177/2006 Fin Dtd 12/04/2006 ലെ നിബന്ധന 13.1 ൽ മരാമത്ത് പ്രവൃത്തികളിൽ നിന്നും കുറയ്ക്കുന്ന നികുതി തുകകളും ക്ഷേമനിധി വിഹിതവും അതത് അകൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെങ്കിലും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയിതിട്ടില്ല.

4.കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 5) പ്രകാരം Day Book,Cash Book എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി /അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.കുടിശ്ശിക തുകകൾക്ക് അനുസൃതമായിട്ടുള്ള Provision രേഖപ്പെടുത്തിയില്ല-

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 54(5)എച്ച് പ്രകാരം കുടിശ്ശിക തുകകൾക്ക് അനുസൃതമായിട്ടുള്ള Provision രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 53) പ്രകാരം എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്,ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി,സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7.350409909 എന്ന അക്കൗണ്ട് ശീർഷകത്തിൽ തൻ വർഷം ബാദ്ധ്യതയായി കാണിച്ചിട്ടുള്ള 5000/- രൂപ യുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8.തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റ് തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പിൽ അവശേഷിക്കുന്ന ഗ്രാന്റ് തുകകളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9.Sale & Hire Charges:-

റസിപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് (RP-5) പ്രകാരം 4,34,269/- രൂപ Sale & Hire Charges ഇനത്തിൽ വരവുണ്ട്. എന്നാൽ ഇവ പരിശോധിക്കാനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

10.സ്ഥിരാസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

അപാകതകൾക്കുള്ള വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി.നം. 08/2020-21,തീയതി 09.05.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

കൽപ്പറ്റ നഗരസഭയുടെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല.

2. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 7തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 6 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 4തവണയും പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി 3 തവണയും വിദ്യാഭ്യാസ-കലാ കായിക സ്റ്റാന്റിങ്ങ് കമ്മിറ്റി 2 തവണയും 2020-21സാമ്പത്തിക വർഷം യോഗം ചേർന്നിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 22 (ഡി) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൌണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും വരവ്-ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടില്ല . ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സും സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ മിനിട്ട്സും

നിലവിലും സകർമ്മ സോഫ്റ്റ് വെയറിൽ അല്ല രേഖപ്പെടുത്തുന്നത്.

4. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. നഗരസഭയിൽ പ്രവർത്തിക്കുന്ന 18 വർക്കിംഗ് ഗ്രൂപ്പുകളും 2020-21 സാമ്പത്തിക വർഷം ആകെ ഒരു മീറ്റിംഗ് മാത്രമേ കൂടിയിട്ടുള്ളൂ. നൂതന പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

5. 2021-22 വർഷത്തെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇലക്ട്രോണിക് ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

6. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം പരിശോധിക്കുന്നതിന് 2021-22 വർഷത്തെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഇൻവേർഡ് രജിസ്റ്റർ, ഡെസ്പാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

7. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നില്ല. 2020-21-ൽ, ആകെ മൂന്ന് തവണ മാത്രമാണ് (13/09/21,01/10/21,14/03/21) സ്റ്റാഫ് മീറ്റിങ്ങ് വിളിച്ചിരിക്കുന്നത്. അതിനാൽ, ജീവനക്കാരുടെ പ്രതിമാസ പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ നഗരസഭ ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

8. വൗച്ചറുകൾ സീരിയൽ നമ്പർ ക്രമത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നില്ല.

9. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2015 മുതൽ 18.06.2015 വരെ | 2012-13 മുതൽ 2014-15 വരെ | 22.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 To 01.01.2019 | 2016-17 To 2017-18 | 28.01.2019 |

## 1-12 നഗരസഭയുടെ വാടക കുടിശ്ശിക വർദ്ധിക്കുന്നു

കല്പറ്റ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയസ്റ്റാന്റ് കെട്ടിടം, വനിതാ ഉല്പന്നവിപണന കേന്ദ്രം, വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പഴം പച്ചക്കറി മാർക്കറ്റ്, ഹോൾസെയിൽ ഫിഷ് മാർക്കറ്റ് എന്നിവ വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. കെട്ടിട വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട | ആകെ | ഒഴിഞ്ഞുകിടക്കുന്ന | വാടകയ്ക്ക് | വാടകയിനത്തിൽ |
|---|---|---|---|---|

| വിവരങ്ങൾ | മുറികൾ | മുറികൾ | നൽകിയ മുറികൾ | ലഭിക്കാനുള്ള തുക |
|---|---|---|---|---|
| പഴയസ്റ്റാന്റ് കെട്ടിടം | 28 | 0 | 28 | 8,67,708 |
| വനിതാ ഉല്പന്നവിപണന കേന്ദ്രം | 14 | 8 | 6 | 4,89,982 |
| വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 4(+നഗരസഭാ ഹോമിയോ ആശുപത്രി) | 3 | 1 | 0 |
| പഴം പച്ചക്കറി മാർക്കറ്റ് | 33 | 8 | 25 | 3,53,510 |
| ഹോൾ സെയിൽ ഫിഷ് മാർക്കറ്റ് | 6 | 0 | 6 | 1,82,916 |
| | | ആകെ | | 18,94,116 |

രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ ₹18,94,116/- നഗരസഭയ്ക്ക് 2020-21 സാമ്പത്തിക വർഷത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. വാടകയിനത്തിലുള്ള കുടിശ്ശിക വർദ്ധിക്കുന്നതിന്റെയും വനിതാ ഉല്പന്നവിപണന കേന്ദ്രം, വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പഴം പച്ചക്കറി മാർക്കറ്റ് എന്നിവിടങ്ങളിലെ മുറികൾ ലേലം ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്നതിന്റെയും കാരണം വിശദീകരിക്കേണ്ടതും ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും മേൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 06/2020-21,തീയതി 05.05.2022)ക്ക് മറുപടിയായി 2021-22 സാമ്പത്തിക വർഷം വാടക കുടിശ്ശികയിനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന തുക ഈടാക്കിയിട്ടുണ്ടെന്നും ബാക്കി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചിട്ടുണ്ട്.

| കെട്ടിട വിവരങ്ങൾ | വാടകയിനത്തിൽ ലഭിക്കാനുള്ള തുക | വാടകയിനത്തിൽ 21-22 ൽ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|
| പഴയസ്റ്റാന്റ് കെട്ടിടം | 8,67,708 | 2,50,927 | 6,16,781 |
| വനിതാ ഉല്പന്നവിപണന കേന്ദ്രം | 4,89,982 | 2,31,040 | 2,58,942 |
| വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 0 | 0 | 0 |
| പഴം പച്ചക്കറി മാർക്കറ്റ് | 3,53,510 | 2,60,844 | 92,666 |
| ഹോൾ സെയിൽ ഫിഷ് മാർക്കറ്റ് | 1,82,916 | 1,82,916 | 0 |
| ആകെ | 18,94,116 | 9,25,727 | 9,68,389 |

വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുത്ത് അറിയിക്കേണ്ടതും വനിതാ ഉല്പന്നവിപണന കേന്ദ്രം, വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പഴം പച്ചക്കറി മാർക്കറ്റ് എന്നിവിടങ്ങളിൽ ലേലം ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്ന മുറികൾ ലേലം ചെയ്ത് അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

## 1-13-1 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തു താമസിച്ചുകൊണ്ട് ഒരു തൊഴിലോ, കലയോ ജോലിയോ നടത്തുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നതായ ഏതൊരാളും ചട്ടങ്ങൾ അനുസരിച്ച് കണക്കാക്കിയ അർദ്ധ വാർഷിക നികുതി ഒടുക്കേണ്ടതാണ്. കല്പറ്റ നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ മിക്കവയും 2020-21 സാമ്പത്തിക വർഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ ഒടുക്കിയിട്ടില്ലെന്ന് കണ്ടെത്തി. അവയിൽ ഏതാനും സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ മാതാ അമൃതാനന്ദമയീ ആശുപത്രി | രണ്ട് അർദ്ധവർഷവും നികുതി അടവാക്കിയില്ല |
| 2 | ഹെഡ് മാസ്റ്റർ ശ്രീ ശങ്കര വിദ്യാ മന്ദിർ | “ |
| 3 | റിലയൻസ് പെട്രോളിയം | “ |
| 4 | മാനേജർ മഹീന്ദ്ര ഫിനാൻസ് | “ |
| 5 | സിറ്റി ഡ്രൈവിംഗ് സ്കൂൾ കല്പറ്റ | “ |
| 6 | സഫ മോട്ടോർസ് | “ |
| 7 | കെ കെ റസിഡൻസി | “ |
| 8 | ഹൈലാന്റ് ബ്രിസ്കോ ലോഡ്ജ് | “ |
| 9 | കനിഷ്ക എന്റർപ്രൈസസ് | “ |
| 10 | വയനാട് ജില്ലാ പോലീസ് കോ-ഓപ്പ് സൊസൈറ്റി | “ |
| 11 | കെയർ ഫാർമ്മ ഫോർ ലാബ് | “ |
| 12 | എസ് ബി ഐ ലൈഫ് ഇൻഷുറൻസ് | “ |

| | | |
|---|---|---|
| 13 | താജ് ഹോട്ടൽ | “ |
| 14 | ഊട്ടുപുര ഹോട്ടൽ | “ |
| 15 | എം ജി ടി ടൂറിസ്റ്റ് ഹോം | “ |
| 16 | ചന്ദ്രഗിരി ഓഡിറ്റോറിയം | “ |
| 17 | ആപ്പിൾ ബിസിനസ് കോർപ്പറേഷൻ | “ |
| 18 | പുലവർ ഏജൻസീസ് | “ |
| 19 | കാനറ ബാങ്ക് | 2nd Half അടച്ചില്ല |
| 20 | കാനറാ ബാങ്ക് റീട്ടെയിൽ അസറ്റ് ഹബ് കല്പറ്റ | 2nd Half അടച്ചില്ല |

## 1-13-2 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു:-

കല്പറ്റ നഗരസഭയുടെ 2020-21 സാമ്പത്തീക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 2020-21 സാമ്പത്തീക വർഷാവസാനം 11,67,942/-രൂപ സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെട്ടു പോകും. നഗരസഭ കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പിരിഞ്ഞു കിട്ടാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല. പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതും പിരിച്ചെടുക്കാനുള്ള തുക പിരിച്ചെടുത്ത് അറിയിക്കേണ്ടതുമാണ്. സ്ഥാപന നികുതി അടവാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്,പേര് | 1-ാം അർദ്ധ വർഷം | 2-ാം അർദ്ധ വർഷം | ആകെ |
|---|---|---|---|---|
| 1 | 13/ ഹാഷിം വി കെ നഗരസഭാ സ്റ്റാൾ.1 | 1250 | 1250 | 2500 |
| 2 | 13/ അബൂബക്കർ നഗരസഭാ സ്റ്റാൾ.2 | 1250 | 1250 | 2500 |
| 3 | 13/അസീസ് നഗരസഭാ സ്റ്റാൾ.3,4 | 1250 | 1250 | 2500 |
| 4 | 13/മൊയ്തു നഗരസഭാ സ്റ്റാൾ.5 | 600 | 600 | 1200 |
| 5 | 13/അലവിക്കുട്ടി നഗരസഭാ സ്റ്റാൾ.8,9 | 1250 | 1250 | 2500 |
| 6 | 13/പാത്തുമ്മ നഗരസഭാ സ്റ്റാൾ.10 | 1250 | 1250 | 2500 |
| 7 | 13/മെട്രോ ഡ്രൈവിംഗ് സ്കൂൾ | 1250 | 1250 | 2500 |
| 8 | 14/റേഷൻ കട | 450 | 450 | 900 |
| 9 | 14/കൊട്ടാരം ഏജൻസീസ് | 1250 | 1250 | 2500 |

| | | | | |
|---|---|---|---|---|
| 10 | 14/ഷാജു ജോൺ,ക്വാറി | 1250 | 1250 | 2500 |
| 11 | 16/മാനേജർ,സൗത്ത് ഇന്ത്യൻ ബാങ്ക് | 1250 | 1250 | 2500 |
| 12 | 17/നീലഗിരി സ്റ്റോൺ ക്രഷർ | 1250 | 1250 | 2500 |
| 13 | 12/എം.സി ഓഡിറ്റോറിയം | 1250 | 1250 | 2500 |
| 14 | 12/കല്പറ്റ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1250 | PAID | 1250 |
| 15 | 13/കാത്തലിക്ക് സിറിയൻ ബാങ്ക് | 1250 | 1250 | 2500 |
| 16 | 13/ഇബ്രാഹിം, റേഷൻകട | 450 | 450 | 900 |
| 17 | 13/മാനേജർ, കാനറാ ബാങ്ക് | 1250 | 1250 | 2500 |
| 18 | 13/മാനേജർ, ബറോഡാ ബാങ്ക് | 1250 | 1250 | 2500 |
| 19 | 13/മാനേജർ, ICICI Bank | 1250 | 1250 | 2500 |
| 20 | 13/മാനേജർ, PNB Bank | 1250 | 1250 | 2500 |
| 21 | 13/മാനേജർ, ഫെഡറൽ ബാങ്ക് | 1250 | 1250 | 2500 |
| 22 | 13/മാനേജർ, എച്ച് ഡി എഫ് സി | 1250 | 1250 | 2500 |
| 23 | 13/മാനേജർ, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | 1250 | 1250 | 2500 |

## 1-13-3 രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല:-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 253, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 252 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശ്ശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3)(1) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും എത്ര സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം ഡിമാന്റ് രജിസ്റ്ററിന്റെ ആരംഭത്തിൽ ഒട്ടിച്ചുവെക്കുകയോ തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുകയോ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽനികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-13-4 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല:-

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245 വകുപ്പിലേയും 2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. കല്പറ്റ നഗരസഭാ എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം 29 കരാറുകാർ നഗരസഭയുടെ

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ 21 കരാറുകാർ തൊഴിൽ നികുതി അടവാക്കുകയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.കരാറുകാരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സെക്രട്ടറി,KZLCCS |
| 2 | പി.റ്റി തോമസ് |
| 3 | എ വർക്കി |
| 4 | പി കെ ബാബു |
| 5 | ജഷീർ പി കെ |
| 6 | കുര്യാക്കോസ് കെ പി |
| 7 | സി ടി ഹംസ |
| 8 | അബ്ദുൾ സലാം |
| 9 | ഷൈജൽ ടി എം |
| 10 | അബ്ദുൾ ഗഫൂർ |
| 11 | സുധീഷ് പി ആർ |
| 12 | എം പി അരുൺ |
| 13 | സാലിഫ് വെട്ടിക്കാടൻ |
| 14 | മഹേഷ് എം എച്ച് |
| 15 | മുബഷിർ മുബാറക്ക് |
| 16 | ഉബൈദ് പി |
| 17 | ആർ രവിചന്ദ്രൻ |
| 18 | പീറ്റർ ടി വി |
| 19 | ദേവദാസ് കെ വി |
| 20 | സെക്രട്ടറി, തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |
| 21 | ബേസിൽ മാത്യു |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/20-21,തീയതി 05.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13-5 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല:-

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245- ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. നഗരസഭാപരിധിയിൽ സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. നഗരസഭാ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കാത്ത അഭിഭാഷകരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | 1-ാം അർദ്ധ വർഷം | 2-ാം അർദ്ധ വർഷം | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അഡ്വ.വർക്കി | 1250 | 1250 | 2500 |
| 2 | അഡ്വ.ബാബു | 1250 | 1250 | 2500 |
| 3 | അഡ്വ.അഷറഫ് | 1250 | 1250 | 2500 |
| 4 | അഡ്വ.ആന്റണി | 1250 | 1250 | 2500 |
| 5 | അഡ്വ.ജൂഡി ഡിസിൽവ | 1250 | 1250 | 2500 |
| 6 | അഡ്വ.കെ.എം തോമസ് | 1250 | 1250 | 2500 |
| 7 | അഡ്വ.കെ.എ ജോസ് | 1250 | 1250 | 2500 |
| 8 | അഡ്വ.ടി.ജെ ആന്റണി | 1250 | 1250 | 2500 |
| 9 | അഡ്വ.സജി പോൾ | 1250 | 1250 | 2500 |
| 10 | അഡ്വ.എൽദോ | 1250 | 1250 | 2500 |
| 11 | അഡ്വ.പൗലോസ് | 1250 | 1250 | 2500 |
| 12 | അഡ്വ.പി കെ ദിനേഷ് കുമാർ | 1250 | 1250 | 2500 |
| 13 | അഡ്വ.സാദിഖ് നീലിക്കണ്ടി | 1250 | 1250 | 2500 |
| 14 | അഡ്വ.പി.ടി ബിനീഷ് | 1250 | 1250 | 2500 |
| 15 | അഡ്വ. ഓമന വർഗീസ് | 1250 | 1250 | 2500 |
| 16 | അഡ്വ.എം സി എം ജമാൽ | 1250 | 1250 | 2500 |
| 17 | അഡ്വ.മഹാദേവൻ | 1250 | 1250 | 2500 |
| 18 | അഡ്വ.ജോണി പാറ്റാനി | 1250 | 1250 | 2500 |
| 19 | അഡ്വ.സിജി തോമസ് | 1250 | 1250 | 2500 |
| 20 | അഡ്വ.സി കെ സന്തോഷ് | 1250 | 1250 | 2500 |
| 21 | അഡ്വ.പി സി പ്രസാദ് | 1250 | 1250 | 2500 |
| 22 | അഡ്വ.വി പി യൂസഫ് | 1250 | 1250 | 2500 |
| 23 | അഡ്വ.പ്രിയദർശൻ | 1250 | 1250 | 2500 |
| 24 | അഡ്വ.എം.ജി ശ്രദ്ധാധരൻ | 1250 | 1250 | 2500 |
| 25 | അഡ്വ.മണിശ്ശേരിയിൽ ഷൈജു | 1250 | 1250 | 2500 |
| 26 | അഡ്വ.ടി അഷറഫ് | 1250 | 1250 | 2500 |
| 27 | അഡ്വ.മാത്തുക്കുട്ടി | 1250 | 1250 | 2500 |
| 28 | അഡ്വ.വിനീത വി പി | 1250 | 1250 | 2500 |
| 29 | അഡ്വ.ബാബു മാത്യു | 1250 | 1250 | 2500 |
| 30 | അഡ്വ.ജോസഫ് സഖറിയാസ് | 1250 | 1250 | 2500 |
| 31 | അഡ്വ.ടി ജെ ഷാജി താന്നിക്കൽ | 1250 | 1250 | 2500 |
| 32 | അഡ്വ.ജോസഫ് മാത്യു | 1250 | 1250 | 2500 |
| 33 | അഡ്വ.എം ഡി ജോസഫ് | 1250 | 1250 | 2500 |
| 34 | അഡ്വ.ചാത്തുക്കുട്ടി | 1250 | 1250 | 2500 |
| 35 | അഡ്വ.വെങ്കിട്ടസുബ്രമണ്യം | 1250 | 1250 | 2500 |
| 36 | അഡ്വ.ജോണി സഖറിയ | 1250 | 1250 | 2500 |
| 37 | അഡ്വ.സുന്ദർ റാം | 1250 | 1250 | 2500 |
| 38 | അഡ്വ.ജോസ് തേരകം | 1250 | 1250 | 2500 |
| 39 | അഡ്വ.ഹനസ് | 1250 | 1250 | 2500 |
| 40 | അഡ്വ.ഷാലറ്റ് | 1250 | 1250 | 2500 |
| 41 | അഡ്വ.സിസിലി.വി എം | 1250 | 1250 | 2500 |
| 42 | അഡ്വ.ആഷ്‌ലി ഐ വി | 1250 | 1250 | 2500 |
| 43 | അഡ്വ.നാരായണൻ | 1250 | 1250 | 2500 |
| 44 | അഡ്വ.ശ്രീകുമാർ | 1250 | 1250 | 2500 |

| | | | | |
|---|---|---|---|---|
| 45 | അഡ്വ.സന്ദീപ് ജോസഫ് | 1250 | 1250 | 2500 |
| 46 | അഡ്വ.സി സി മാത്യു | 1250 | 1250 | 2500 |
| 47 | അഡ്വ.കെ എ ജോസ് | 1250 | 1250 | 2500 |
| 48 | അഡ്വ.മിനി മാത്യു | 1250 | 1250 | 2500 |
| 49 | അഡ്വ.രാജി | 1250 | 1250 | 2500 |
| 50 | അഡ്വ.വിനോദ് കെ | 1250 | 1250 | 2500 |
| 51 | അഡ്വ.സി പി പ്രകാശ് ബാബു | 1250 | 1250 | 2500 |
| 52 | അഡ്വ.പൗലോസ് | 1250 | 1250 | 2500 |
| 53 | അഡ്വ.ഗോപാലകൃഷ്ണൻ | 1250 | 1250 | 2500 |
| 54 | അഡ്വ.സുരേഷ് | 1250 | 1250 | 2500 |
| 55 | അഡ്വ.വേണുഗോപാൽ | 1250 | 1250 | 2500 |
| 56 | അഡ്വ.രവീന്ദ്രൻ | 1250 | 1250 | 2500 |
| 57 | അഡ്വ.ശശികുമാർ | 1250 | 1250 | 2500 |
| 58 | അഡ്വ.പ്രജോദ് | 1250 | 1250 | 2500 |
| 59 | അഡ്വ.വിനോദ് കുമാർ | 1250 | 1250 | 2500 |
| 60 | അഡ്വ.പി ഇ ചിത്ര | 1250 | 1250 | 2500 |
| 61 | അഡ്വ.ഷിജ്ജ മാത്യു | 1250 | 1250 | 2500 |
| 62 | അഡ്വ.രഞ്ജിത്ത് കുമാർ | 1250 | 1250 | 2500 |
| 63 | അഡ്വ.എം. വി ജോസഫ് | 1250 | 1250 | 2500 |
| 64 | അഡ്വ.സുരേഷ് ബാബു | 1250 | 1250 | 2500 |
| 65 | അഡ്വ.ബിജോയ് ആനന്ദ് | 1250 | 1250 | 2500 |
| 66 | അഡ്വ.കെ എം പ്രദീപ് | 1250 | 1250 | 2500 |
| ആകെ | | | | 1,65,000 |

നികുതി ഈടാക്കി അറിയിക്കുകയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 1-13-6 പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമസ്ഥർ ആരും തന്നെ ചട്ടപ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (എസ്.ആർ. ഒ. നം. 539/2005) ചട്ടം 3 (2)(3) പ്രകാരം പൊതുവിൽപ്പന നികുതി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങൾക്ക് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ കാര്യങ്ങൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും സ്ഥാപനം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് മുനിസിപ്പാലിറ്റിയിലെ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. അപാകതകൾ ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം. 27/20-21,തീയതി 16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

'കേരള മുനിസിപ്പാലിറ്റി ആക്ട് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താല്പര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ ,പണിസ്ഥലങ്ങൾ , മറ്റ് സേവനങ്ങൾ എന്നിവക്കായി പൊതുവേയും , നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും ഓരോ കാര്യത്തിനും

സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം , നിശ്ചയിക്കാവുന്ന അങ്ങിനെയുള്ള നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും , നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. '

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 13 , 14 എന്നിവ പ്രകാരം "ഒരു ഫാക്ടറിയോ വർക്ക്ഷോപ്പോ , ജോലി സ്ഥലമോ , യന്ത്രസാമഗ്രിയോ , നിർമ്മാണയന്ത്രമോ പ്രവർത്തന ക്ഷമമായാൽ അപേക്ഷകൻ ആ വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതും , അപ്രകാരം അറിയിപ്പ് ലഭിക്കുന്ന മുറക്ക് സെക്രട്ടറി അത് പരിശോധിച്ച് അതിന് ലൈസൻസ് നൽകേണ്ടതും, 3ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്തേണ്ടതുമാണ്. "

കൽപ്പറ്റ നഗരസഭ 2020-2021 സാമ്പത്തിക വർഷത്തിൽ വിവിധ ലൈസൻസുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-14-1 നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നഗരസഭ കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 16.05.2022 ന് നൽകിയ 26 /2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ വരുന്ന എല്ലാ വാണിജ്യ വ്യാപാര സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് എടുക്കുന്നതിൽ നിന്നും ഏതെങ്കിലും സ്ഥാപനം വിട്ടുപോയിട്ടുണ്ടോയെന്ന് നഗരസഭക്ക് ഉറപ്പ് വരുത്തുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നഗരസഭ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-14-2 വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 5237-ലധികം സ്ഥാപനങ്ങൾ വിവിധ വാണിജ്യ, വ്യാപാരങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.എന്നാൽ രജിസ്റ്റർ പ്രകാരം 2020-2021 സാമ്പത്തിക വർഷത്തിൽ കൽപ്പറ്റ നഗരസഭയിൽ നിന്നും ആകെ 2023 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഉദാഹരണമായി ,മത്സ്യമാംസ മാർക്കറ്റിന് അനുവദിച്ച ലൈസൻസുമായി ബന്ധപ്പെട്ട് ശ്രീ ഹംസ.എൻ നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്ക് വിവരാവകാശ നിയമം 2005 പ്രകാരം 12.08.2020 തീയ്യതിയിൽ RIA/PH/159/7653/2020 നം കത്തിലൂടെ നഗരസഭയുടെ ബൈപ്പാസിലുള്ള മത്സ്യ മാംസ മാർക്കറ്റിന് ലൈസൻസ് നൽകിയിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. കൽപ്പറ്റ നഗരസഭയിൽ ഗുഡല്ലായി എന്ന പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ടറഫ് ഫുട്ബോൾ കോർട്ട് ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് RIA/PH/189/2021 നമ്പർ കത്തിലൂടെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷക്ക് മറുപടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 16.05.2022 ന് നൽകിയ 26/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അത്തരം വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മത്സ്യ മാംസ മാർക്കറ്റ്, ടറഫ് ഫുട്ബോൾ കോർട്ട് എന്നിവക്കെതിരെ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14-3 പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

കൽപ്പറ്റ നഗരസഭയിൽ പ്രവർത്തിക്കുന്ന ആകെയുള്ള 11 പൊതുവിതരണകേന്ദ്രങ്ങളിൽ ഏതാനും സ്ഥാപനങ്ങൾ മാത്രമാണ് 2020-21 കാലയളവിലേക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്. മേൽ അപാകത ചൂണ്ടിക്കാട്ടി 16.05.2022 ന് നൽകിയ 26/2020-21 ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-14-4 ഹോട്ടലുകൾക്കും വിവിധ ഭക്ഷ്യോത്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിലും തുടർപരിശോധനകൾ കാര്യക്ഷമമായി നടത്തുന്നില്ല.

ഹോട്ടലുകൾക്കും വിവിധ ഭക്ഷ്യോത്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി ആക്ട് 476, 477 എന്നീ വകുപ്പുകൾ പ്രകാരമുള്ള തുടർപരിശോധനകൾ കാര്യക്ഷമമായി നടത്തുന്നില്ല. ഹോട്ടലുകളിൽ പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട് നഗരസഭയിൽ സൂക്ഷിക്കുന്ന ഹോട്ടൽ ഇൻസ്പെക്ഷൻ രജിസ്റ്റർ പേജ് നം 129 പ്രകാരം 07.02.2022 തീയതിയിലാണ് അവസാനമായി പരിശോധന നടത്തിയത്. കൃത്യമായ ഇടവേളകളിൽ ഭക്ഷ്യ

സുരക്ഷാ മാനദണ്ഡമനസരിച്ചാണോ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതും അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായില്ല

സൂപ്രണ്ട്,ജനറൽ ആശുപത്രി കൽപ്പറ്റ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി ചുവടെ കൊടുക്കുന്ന തരത്തിൽ തുക വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | ട്രഷറി ബിൽ നമ്പർ /തുക | ഇൻവോയ്സ് നം | റിമാർക്സ് |
|---|---|---|---|---|
| 1 | 227/21-പാലിയേറ്റീവ്ഹോം കെയർ(സ്പിൽ ഓവർ )-<br>അടങ്കൽ – 1444700<br>(വികസന ഫണ്ട് പൊ.വി)<br>ചെലവ് – 794196<br>(വികസന ഫണ്ട് പൊ.വി) | 2/20-21 /21.04.2020 | PRF-5548/21.03.2020 - 358269<br>KMSCL - മരുന്ന് | 358269/- രൂപയുടെ മരുന്ന് ലഭ്യമായില്ല. |
| 2 | 177/21 – വയോമിത്രം പ്രവർത്തനങ്ങൾ<br>അടങ്കൽ – 3,00,000<br>(വികസന ഫണ്ട് പൊ.വി)<br>ചെലവ് – 2,40,000<br>(വികസന ഫണ്ട് പൊ.വി) | 11/20-21 /15.02.21<br>2,40,000 | PRF- 4309/11.01.2021 - 2,40,000<br>KMSCL - മരുന്ന് | 153262/-രൂപയുടെ മരുന്ന് ലഭ്യമായില്ല |
| 3 | 180/21-ജനറൽ ആശുപത്രി / അർബൻ പി.എച്ച്.സി / എൽ.സി.ഡി ക്ലിനിക് പ്രത്യേക വിഭാഗം മരുന്ന് വാങ്ങൽ<br>അടങ്കൽ – 10,00,000<br>(വികസന ഫണ്ട് പൊ.വി)<br>ചെലവ് – 10,00,000<br>(വികസന ഫണ്ട് പൊ.വി) | 13/20-21 /15.02.2021<br>- 10,00,000 | PRF-4697/23.01.2021 - 800000<br>KMSCL- മരുന്ന് | 325053 രൂപയുടെ മരുന്ന് ലഭ്യമായില്ല |
| | | | PRF-4690/23.01.2021 -200000<br>KMSCL- മരുന്ന് | 20431 രൂപയുടെ മരുന്ന് ലഭ്യമായില്ല. |
| 4 | 158/21 – പാലിയേറ്റീവ് ഹോം കെയർ<br>അടങ്കൽ – 1750000<br>(വികസന ഫണ്ട് പൊ.വി)<br>ചെലവ് – 1440907<br>(വികസന ഫണ്ട് പൊ.വി) | 9/20-21 /15.2.2021 | PRF-3312/22.3.19 - 391637<br>-KMSCL- മരുന്ന് | മരുന്ന് ലഭ്യമായില്ല |
| | | 10/20-21 /11.12.2021 | PRF-5052/03.02.2021- 350000<br>KMSCL- മരുന്ന് | 91307 രൂപയുടെ മരുന്ന് ലഭ്യമായില്ല |

| | | | | |
|---|---|---|---|---|
| | | | | |
| | | 22/20-21 /30.03.2021 | PRF-6815/30.03.2021 – 59972 KMSCL-ഉപകരണങ്ങൾ | 33593രൂപയുടെ ഉപകരണങ്ങൾ കിട്ടിയില്ല |
| 5 | 207/21– ആശുപത്രി ഉപകരണങ്ങളും ഫർണ്ണീച്ചറുകളും<br>അടങ്കൽ – 605042<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ചെലവ് – 604891<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 01/20-21 /21.04.2020 | PRF 242/2019-20 -581691 KMSCL-ഉപകരണങ്ങൾ | 581691/- ഉപകരണങ്ങൾ ലഭ്യമായില്ല |
| 6 | 230/21–ഡി.ഇ.ഐ.സി പ്രവർത്തനങ്ങൾ<br>അടങ്കൽ – 5,00,000<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ചെലവ് – 472287<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 5/20-21 /18.04.2020 | PRF– 243/19-20/ 24.02.2020 - 472287 | 472287/- ഉപകരണങ്ങൾ ലഭ്യമായില്ല |
| | ആകെ | | | 2427530 |

മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

പട്ടികയിൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരമുള്ള മരുന്ന്/ ഉപകരണങ്ങൾ ലഭ്യമായെന്ന് ഉറപ്പു വരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്. 2427530 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല, ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യത ഉറപ്പുവരുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി തൻവർഷം രണ്ട് പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0220/21 | ₹12,00,000/- (വികസന ഫണ്ട്)<br>₹100,000/- (തനത് ഫണ്ട്)<br>ആകെ:₹13,00,000/- | 1)₹4,27,847/-<br>2)₹4,60,248/-<br>3)₹1,77,784/- | 01/20-21, 21.04.20<br>02/20-21,21.04.20<br>03/20-21, 21.04.20 |
| 2 | എസ്.0034/21 | ₹20,00,000/- (വികസന ഫണ്ട്) | 1)₹11,69,154/-<br>2)₹3,05,452/-<br>3)₹2,79,375/- | 05 /20-21, 27.03.21<br>06/20-21, 30.03.21<br>07/20-21, 30.03.21 |
| ആകെ ചെലവ് | | | ₹28,719,860/- | |

ക്രമ നമ്പർ 1 -ലെ 3-ാമത്തെ ബിൽ പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റിൽ ശ്രീമതി

കെ.എം. സുധാദേവി (₹6757/-) എന്ന ഗുണഭോക്താവിന്റെയും ക്രമ നമ്പർ 2 -ലെ 3-ാമത്തെ ബിൽ പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റിൽ ശ്രീ. നവീൻ ചന്ദ് (₹2024/-) എന്ന ഗുണഭോക്താവിന്റെയും യു.ടി.ആർ. നമ്പർ നൾ (Null) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 24/20-21, 13.04.2022 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക ₹28,719,860/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വാർഡ് സഭയുടെ അംഗീകാരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹജരാക്കേണ്ടതാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കൾ ധനസഹായം ലഭ്യമായോ എന്ന് ഉറപ്പുവരുത്തുന്നതിനായി അവരുടെ ബാങ്ക് പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

## 1-17 വാർഡ് സഭ അംഗീകാരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ പോസ്റ്റ് മെട്രിക്ക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്റ്റ് നമ്പർ എസ്.0027/20, അടങ്കൽ - 10 ലക്ഷം, ടി.എസ്.പി). പ്രസ്തുത പ്രോജക്റ്റിന്റെ വാർഡ് സഭയുടെ അംഗീകാരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹജരാക്കിയിട്ടില്ല. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ചമച്ചിട്ടില്ല. എസ്.സി.പി. ഫണ്ടിന് പകരം ടി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചതായി കാണുന്നു. പ്രോജക്റ്റിന്റെ ചെലവ് വിശദാംശങ്ങളും മറ്റ് ന്യൂനതകളും താഴെ കൊടുക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. | ചെലവ് | ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം | മറ്റ് ന്യൂനതകൾ |
|---|---|---|---|---|
| 1 | 05/20-21,09.3.21 | ₹90,000/- | 3 | ഈ ബില്ല് പ്രകാരം തുക നൽകിയ മൂന്ന് ഗുണഭോക്താക്കളിൽ ഒരാളുടെ ട്രഷറി ബില്ലിലെ പേര് പ്രമീള കെ. എന്നും യു.ടി.ആർ. സ്റ്റേറ്റ്മെന്റിലെ പേര് ആതിര രവീന്ദ്രൻ എന്നുമാണ് ഉള്ളത് (കൈപ്പറ്റിയ തുക - ₹30,000/-). |
| 2 | 07/20-21,25.3.21 | ₹1,20,000/- | 5 | ഈ ബില്ല് പ്രകാരം തുക നൽകിയ ശരവൺ എം.എസ്. (₹30,000/-), വിനയകൃഷ്ണ വി.പി. (₹30,000/-), സുർജിത്ത് മോഹൻ പി.എസ്. (₹30,000/-) എന്നവരുടെ വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷിപത്രം ഹാജരാക്കിയിട്ടില്ല. |
| 3 | 08/20-21,25.3.21 | ₹20,000/- | 1 | ---- |
| 4 | 09/20-21,25.3.21 | ₹20,000/- | 1 | ---- |
| 5 | 10/20-21, 25.3.21 | ₹1,40,000/- | 7 | ----- |
| 6 | 11/20-21,25.3.21 | ₹1,50,000/- | 7 | ഈ ബില്ല് പ്രകാരം തുക നൽകിയ ഏഴ് ഗുണഭോക്താക്കളിൽ ഒരാളുടെ ട്രഷറി |

| | | | | |
|---|---|---|---|---|
| | | | | ബില്ലിലെ പേര് പഞ്ചവർണ്ണ മുരുകൻ എന്നും യു.ടി.ആർ. സ്റ്റേറ്റ്മെന്റിലെ പേര് സൗരവ് വിഷ്ണു എന്നുമാണ് ഉള്ളത്. |
| 7 | 12/20-21,25.3.21 | ₹60,000/- | 1 | ----- |
| 8 | 17/20-21,27.3.21 | ₹15,000/- | 1 | ----- |
| ആകെ ചെലവ് | | ₹6,15,000/- | | ----- |

ഓഡിറ്റ് എൻക്വയറി നം. 22/20-21, 13.04.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് ₹6,15,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹജരാക്കേണ്ടതാണ്. ടി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനും ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ചമയ്ക്കാത്തതിനും മറ്റ് മേൽ പറഞ്ഞ ന്യൂനതകൾക്കും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമായാണ്.

## 1-18 പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന റിപ്പയർ - എൽ.എസ്.ജി.ഡി. എഞ്ചിനീയറെ കൊണ്ട് എസ്റ്റിമേറ്റുകൾ പരിശോധിപ്പിക്കാതെ ധനസഹായം അനുവദിച്ചു.

നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ പട്ടിക ജാതി വിഭാഗക്കാർക്ക് ഭവന റിപ്പയറിന് ധനസഹായം നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ എസ്.0186/21, അടങ്കൽ - 20 ലക്ഷം, എസ്.സി.പി). 48 ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ [ജി.എ.(എം.എസ്.)നം. 22/2018/തസ്വഭവ, 14.02.2018] പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയർ എസ്റ്റിമേറ്റ് പരിശോധിച്ചതിന് ശേഷമേ ധനസഹായം നൽകാൻ പാടുള്ളൂ. ധനസഹായത്തിന്റെ അവസാന ഗഡു നൽകേണ്ടത് എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലും ആയിരിക്കണം. എന്നാൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറെ കൊണ്ട് എസ്റ്റിമേറ്റ് പരിശോധിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ ചെലവിന്റെ വിശദാംശങ്ങളും മറ്റ് ന്യൂനതകളും താഴെ കൊടുക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. | ചെലവ് | ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം | മറ്റ് ന്യൂനതകൾ |
|---|---|---|---|---|
| 1 | 02/20-21, 11.02.21 | ₹5,40,000/- | 18 | ഈ ബില്ലു പ്രകാരം തുക നൽകിയ ഒരു ഗുണഭോക്താവായ കെ. രാജന്റെ (₹30,000/-) യു.ടി.ആർ. നമ്പർ യു.ടി.ആർ. സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 03/20-21, 11.02.21 | ₹6,00,000/- | 12 | ഈ ബില്ലു പ്രകാരം തുക നൽകിയ ഒരു ഗുണഭോക്താവായ കെ. രാജന്റെ (₹50,000/-) യു.ടി.ആർ. നമ്പർ യു.ടി.ആർ. സ്റ്റേറ്റ്മെന്റിൽ |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 04/20-21, 09.03.21 | ₹60,000/- | 2 | --- |
| 4 | 06/20-21,19.3.21 | ₹50,000/- | 1 | --- |
| 5 | 14/20-21,25.3.21 | ₹1,00,000/- | 2 | --- |
| 6 | 15/20-21, 25.3.21 | ₹50,000/- | 1 | --- |
| 7 | 16/20-21,25.3.21 | ₹50,000/- | 1 | --- |
| 8 | 18/20-21,27.3.21 | ₹50,000/- | 1 | --- |
| ആകെ ചെലവ് | | ₹15,00,000/- | | --- |

ഓഡിറ്റ് എൻക്വയറി നം. 23 /20-21, 13.04.2022 - ന് മറുപടി നൽകിയിട്ടില്ല. ആകെ ചെലവ് തുക ₹15,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ശ്രീ. കെ. രാജന് തുക ലഭ്യമായോ എന്ന് ഉറപ്പുവരുത്തുന്നതിനായി അദ്ദേഹത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയറെ കൊണ്ട് എസ്റ്റിമേറ്റുകൾ പരിശോധിപ്പിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ-ഗുണഭോക്താക്കൾ മരണമടഞ്ഞിട്ടും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

ക്ഷേമ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71 /2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പ് ഉത്തരവ് സ.ഉ(എം.എസ്) നം. 97/2020 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും , പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും , പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ കൽപ്പറ്റ നഗരസഭാപരിധിയിലുള്ള പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയോ പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും നഗരസഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല.

2020- 2021 സാമ്പത്തിക വർഷത്തിൽ മരണംരജിസ്റ്റർ ചെയ്തവരുടെ പേരിലുള്ള പെൻഷൻ തുക, മരണതീയ്യതിക്കുശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്യുന്നതിനായി പെൻഷനറുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നുണ്ട് . സേവന സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ ഏതാനും ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(സ.ഉ(എം.എസ്)നം. 91/2019/ധന തീയ്യതി 18.02.2019 പ്രകാരം 01.04.2019 മുതൽ 1200 രൂപ, സ.ഉ(എം.എസ്)നം. 28/2020/ധന തീയ്യതി 03.03.2020 പ്രകാരം 01.04.2020 മുതൽ 1300 രൂപ, സ.ഉ( അച്ചടി)നം. 118/2020/ധന തീയ്യതി 06.09.2020 പ്രകാരം 01.09.2020 മുതൽ 1400 രൂപ, എഴുപത്തിയഞ്ച് വയസ്സ് കഴിഞ്ഞവർക്ക് സ.ഉ(എം.എസ്)നം. 24/2016/സാനീവ തീയ്യതി 01.03.2016 പ്രകാരം 01.04.2016 മുതൽ 1500 രൂപ, സ.ഉ(എം.എസ്)നം. 16/2021/ധന തീയ്യതി 03.02.2021 പ്രകാരം 01.04.2021 മുതൽ 1600 രൂപ എന്നീ നിരക്കുകളിലാണ് പെൻഷൻ വിതരണം ചെയ്യുന്നത്)

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | പെൻഷൻ ഐഡി നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് | അനർഹമായ തുക( സേവന സോഫ്റ്റ് വെയർ പ്രകാരം അനർഹമായ കാലയളവിലേക്ക് വിതരണം ചെയ്ത ആകെ തുക) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഏലിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 664977699558 | 110860600456 | 13.07.2021 | 08/2021മുതൽ 04/2022വരെ | 14400 |
| 2 | അന്തോണി കെ | ,, | 590947492268 | 110880200995 | 05.07.2021 | 08/21 മുതൽ 12/2021 വരെ | 8000 |
| 3 | ടി കെ ഗോവിന്ദൻ | ,, | 608156539953 | 110870200373 | 03.08.2021 | 09/21 മുതൽ 01/2022വരെ | 8000 |
| 4 | കെ ആർ വാസുദേവൻ | ,, | 559068291090 | 102160201402 | 27.07.2021 | 08/21 മുതൽ 12/21 വരെ | 8000 |
| 5 | എ പ്രഭുകമാർ | ,, | 970586019093 | 102160200677 | 01.08.2021 | 09/21 മുതൽ 04/2022വരെ | 12800 |
| 6 | പാത്തുമ്മ | ,, | 650609571749 | 102160600585 | 01.08.2021 | 09/2021മുതൽ 04/2022വരെ | 12800 |
| 7 | എം മാധവൻ | ,, | 591669394242 | 102160200182 | 06.08.2021 | 09/2021മുതൽ 04/2022വരെ | 12800 |
| 8 | ചന്ദ്രൻ | ,, | 421870098595 | 102160200703 | 13.06.2021 | 07/21 മുതൽ 08/21 വരെ | 3200 |
| 9 | മുത്തുകൃഷ്ണൻ | ,, | 649003304871 | 102160200941 | 27.07.2021 | 08/2021മുതൽ 04/2022വരെ | 14400 |
| 10 | സുശീല പി.കെ | ,, | 904987430420 | 102160200431 | 25.08.2021 | 09/2021മുതൽ 04/2022വരെ | 12800 |
| 11 | റോസമ്മ | ,, | 885151018199 | 102160201045 | 14.09.2020 | 10/2020മുതൽ 04/2022വരെ | 29800 |
| 12 | ക്ലിഫോർഡ് സ്റ്റാൻലി ഓസ്റ്റിൻ | ,, | 711502878281 | 102160201588 | 22.07.2020 | 08/2021മുതൽ 04/2022വരെ | 32200 |
| 13 | എ. ടി മോയ്തീൻകുട്ടി | ,, | 533239354759 | 102160201468 | 28.6.20 | 07/2020മുതൽ 10/2020വരെ | 5400 |
| 14 | മേരി | ,, | 586089434157 | 110920100363 | 02.06.2020 | 07/2020മുതൽ 10/2021 വരെ | 23900 |
| 15 | അബൂബക്കർ | ,, | 288643410440 | 102160201218 | 03.08.2020 | 09/2020മുതൽ 04/2022വരെ | 30900 |
| 16 | കുനൻചാലിൽ കുഞ്ഞപ്പി | ,, | 645086194679 | 102160201529 | 24.08.2020 | 09/2020മുതൽ 04/2022വരെ | 12000 |
| 17 | അമ്മു | ,, | 521686121111 | 102160200619 | 14.10.2020 | 11/2020മുതൽ 04/2022വരെ | 28100 |
| 18 | മുഹമ്മദ് എം. | ,, | 812859231941 | 102160100305 | 07.08.2020 | 09/2020മുതൽ 04/2022വരെ | 30900 |
| 19 | പാത്തുമ്മ | ,, | 820735699427 | 102160600585 | 12.08.2020 | 09/2020മുതൽ 04/2022വരെ | 30900 |
| ആകെ | | | | | | | 331300 |

മുകളിൽ നൽകിയ പട്ടികയിലുള്ളവർ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ 2020- 2021 സാമ്പത്തിക വർഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനം പെൻഷൻ ഗുണഭോക്താക്കൾ മാത്രമാണ്. മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ തുക ബാങ്കിലേക്ക് കൈമാറുന്നുണ്ട്. ഇത് സംബന്ധിച്ച് 11.05.2022 തീയ്യതിയിൽ നൽകിയ 11/ 2020-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ നഗരകാര്യ ഡയറക്ടറുടെ 10.01.2022 ലെ വി2-20445/2021 നമ്പർ സർക്കുലർ പ്രകാരം നഗരസഭയിലെ നിലവിലുള്ള പെൻഷൻ ഡാറ്റാബേസ് പൊതുജന/ ജനപ്രതിനിധി പങ്കാളിത്തത്തോട്കൂടി പരിശോധനക്ക്

വിധേയമാക്കി അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള കർമ്മപരിപാടി നടപ്പിലാക്കണമെന്നറിയിച്ചിട്ടുള്ളതും ആയതിൻമേൽ നടപടി സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ 25.03.2022 ലെ 11-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കൾക്ക് കൽപ്പറ്റ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേനയാണ് നേരിട്ട് പെൻഷൻ വീട്ടിലെത്തിക്കുന്നതെന്നും മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്തവരുടെയും ലിസ്റ്റ് ബാങ്കിൽ നിന്നും രേഖാമൂലം നഗരസഭക്ക് കൈമാറിയിട്ടുണ്ടെന്നും ആയത് പ്രകാരം അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളുടെ റിപ്പോർട്ടിൽ മരിച്ച വ്യക്തികളുടെ ആധാർ നമ്പർ നിർബന്ധമല്ലാത്തതിനാൽ ഡെത്ത് ഡാറ്റാ ബേസിൽ നിന്നും പെൻഷൻകാരുടെ വിവരങ്ങൾ എടുക്കാൻ സാധിക്കാതെ വരുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എല്ലാ മാസവും അനർഹരെ സംബന്ധിച്ച റിപ്പോർട്ട് നഗരസഭക്ക് കൈമാറുന്നതിന് സഹകരണ ബാങ്കിന് അറിയിപ്പ് നൽകുന്നതാണെന്നും മരണം റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആധാർ നമ്പർ നിർബന്ധമായും രേഖപ്പെടുത്താൻ ഹോസ്പിറ്റലുകാർക്കും ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവിനും നിർദ്ദേശം നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത് കൂടാതെ വാർഡ് കൗൺസിലർമാരുടെയും ആശാവർക്കർമാരുടെയും അങ്കണവാടി പ്രവർത്തകരുടെയും സഹായത്തോടുകൂടി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മറുപടി പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും , മേൽ ലിസ്റ്റ് പ്രകാരമുള്ള ആളുകളുടെയും 2018 ന ശേഷം നഗരസഭയിൽ അറുപത് വയസ്സ് പൂർത്തിയായതിനുശേഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്ത നഗരസഭാപരിധിയിൽപ്പെട്ടവരുടെയും വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തി അനർഹരായവർക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പെൻഷൻ ഉടനടി റദ്ദ് ചെയ്യേണ്ടതും അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 തുടർ വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് - അപാകതകൾ

പ്രോജക്ട് നം .20/20-21 തുടർവിദ്യാഭ്യാസം

അടങ്കൽ - 1,00,000(General)

ചെലവ്- 58575( Bill No 5/20-21/27.3.21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രിൻസിപ്പൽ

മേൽ ചെലവിൽ 26,825 രൂപ ലാപ് ടോപ് ഡിസ് പ്ലേ, സ്റ്റേഷനറി എന്നിവ വാങ്ങിക്കുന്നതിനായി

ചെലവഴിച്ചു.സർക്കാർ ഉത്തരവ് പ്രകാരം തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വികസന ഫണ്ട് ഉപയോഗിച്ച് കോഴ്സ്

ഫീ, പാഠ പുസ്തക വില എന്നിവ മാത്രമേ നൽകാവൂ. 26,825 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-21 മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
01-02-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാനുലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാനുലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികമാകാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ , കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ

അവസാന ബിൽതുക നൽകിയതായി കാണുന്നു. .ഉദാഹരണം താഴെ ചേർക്കുന്നു.

| പ്രവൃത്തി, കരാറുകാരൻ, ബിൽ തുക | PAC, കരാർ തീയതി | കരാർ പ്രകാരം പൂർത്തി യാക്കേണ്ട തിയതി- എംബുക്ക് പ്രകാരം പൂർത്തി യാക്കിയ തിയ്യതി | പൂർത്തി യാക്കാ നെടുത്ത കാല താമസം | ഈടാ ക്കേ ണ്ടിയി രുന്ന പിഴ(₹) |
|---|---|---|---|---|
| 1) കെട്ടുങ്ങൽ കുഞ്ഞാപ്പ വീട് പരിസരം നടപ്പാലം<br>99/20, 298/21<br>പി കെ ബാബു<br>₹ 353313 | 400000<br>145/19-20 /20.2.20 | 31.3.2020 - 11.8.20 | 4 മാസം 11 ദിവസം | 4000 (1 %) |
| 2) പുതുക്കുന്ന് സുശീല പരിസരം നടപ്പാലം<br>സൈഡ് കെട്ട്<br>385/20, 366/21<br>പി കെ ബാബു<br>₹ 420685 | 490000<br>185/19-20 /31.03.20 | 31.3.2020 - 4.9.20 | 5 മാസം 4 ദിവസം | 4900 (1 %) |
| 3) കൃപ ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റ്<br>328/21, 336/20<br>കെ പി കുര്യാക്കോസ്<br>₹ 136885 | 137000<br>158/19-20 /20.3.20 | 31.3.2020 - 1.3.21 | 11 മാസം 1 ദിവസം | 6850 (5 %) |
| 4) SC ട്രെയിനിംഗ് സെന്റർ മുതൽ തങ്കച്ചൻ വീട് വരെ കോൺക്രീറ്റ്<br>356/21, 97/20<br>പി കെ ബാബു<br>₹ 399179 | 400000<br>179/19-20 /20.03.20 | 31.3.20 - 1.3.21 | 11 മാസം 1 ദിവസം | 20000 (5 %) |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-22 നഗരസഭയുടെ കണക്കിൽ പെടുത്താതെ ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൽപ്പറ്റ ശാഖയിലുള്ള അക്കൗണ്ട് (A/C No. 67271625969). നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2021-ൽ ₹330355/- നീക്കിയിരിപ്പുണ്ട്. മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടറുകളുടെ ഫീസ് പ്രസ്തുത അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഈ തുക നഗരസഭയുടെ തനത് വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസി. എഞ്ചിനീയർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-23 ടെണ്ടർ ബിലോ ലഭ്യമാക്കേണ്ടതാണ് കുറവ് വരുത്തിയിട്ടില്ല.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് നം. 353/20, 283/21 പലേങ്ങര റുഖിയ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് നിരക്ക് രേഖപ്പെടുത്തിയ കൽപ്പറ്റ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും എസ്റ്റിമേറ്റ് തുകയുടെ 1% കുറവ് ചെയ്യാതെയാണ് തുക നൽകിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | ₹50000/- (CFC) |
| എസ്റ്റിമേറ്റ് തുക | ₹50000/- |
| ചെലവ് തുക | ₹34579/-<br>ബിൽ(37/28.05.20) |
| നൽകേണ്ട തുക | ₹ 34232 |
| അധികം നൽകിയ തുക | ₹347 |

അധികം നൽകിയ തുക ₹347 വർക്ക് ബിൽ തയ്യാറാക്കി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-24 ടവറുകളുടെ നികുതി സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പുനർനിർണയിച്ചിട്ടില്ല.

കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിലുള്ള ടെലിഫോൺ ടവറുകൾക്ക് കെടിടനമ്പർ അനുവദിച്ചത് പ്രാദേശിക പരിശോധന നടത്തിയതിൽ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളിൽ നിന്ന് ഈടാക്കി വരുന്ന നികുതി സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പുനർനിർണയിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.26.02.2022 ലെ നം.ആർ.ഡി.3/94/2020 തസ്വഭവ സർക്കുലർ പ്രകാരം നികുതി നിർണയിക്കുന്നതിനായി ടവറുകളുടെ വിസ്തീർണം കണക്കാക്കുമ്പോൾ ടവറിന്റെ തറ വിസ്തീർണം, ജനറേറ്ററിന്റെ തറ വിസ്തീർണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള തറയുടെ വിസ്തീർണം എന്നിവ ഉൾപ്പെടുത്താവുന്നതാണെന്ന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് ടവറുകളുടെ (കെട്ടിട നം 25/883,25/903(1)) നികുതി നിർണയിച്ചതിന്റെ കൃത്യത പ്രാദേശിക പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

കെട്ടിട നമ്പർ-25/883

പ്രാദേശിക പരിശോധനയിൽ കൽപ്പറ്റ-മാനന്തവാടി-റോഡിൽ സെന്റ് ജോസഫ് സ്കൂളിനടുത്തായി സ്ഥാപിച്ചിട്ടുള്ള 25/883 നമ്പർ ടവറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ വിസ്തീർണം താഴെ നൽകുന്നു

സമചതുരാകൃതിയിലുള്ള ടവറിന്റെ തറയുടെ വിസ്തീർണം =64 ച.മീ (8*8)

അനുബന്ധ ഉപകരണമായ ജനറേറ്ററിന്റെ തറ വിസ്തീർണം =10.25 ച.മീ

ടവറിന്റെ ആകെ വിസ്തീർണം=75.25 ച.മീ

സഞ്ചയ പ്രകാരമുള്ള വിസ്തീർണം=68 ച.മീ

വിസ്തീർണത്തിലെ വ്യത്യാസം=7.25 ച.മീ

| | സഞ്ചയ പ്രകാരം | പ്രാദേശിക പരിശോധന പ്രകാരം |
|---|---|---|
| കെട്ടിട വിസ്തീർണം | 68 | 75.25 |
| അടിസ്ഥാന നികുതി | 68*500=34000 | 75.25*500=37625 |
| വർദ്ധനവ് | 0 | 0 |
| ഇളവുകൾ (10%) | 3400 | 3763 |
| ആകെ നികുതി | 30600 | 33862 |
| ഗ്രന്ഥശാല വരി | 1530 | 1693 |
| ആകെ നികുതി (ഗ്രന്ഥശാല വരി ഉൾപ്പെടെ) | 32130 | 35,555 |
| വാർഷിക നികുതി നഷ്ടം (32130-35555) | 3425 | |

കെട്ടിട നമ്പർ-25/903/1

പ്രാദേശിക പരിശോധനയിൽ കൽപ്പറ്റ-മാനന്തവാടി-റോഡിൽ സെന്റ് ജോസഫ് സ്കൂളിനടുത്തായി 25/903/1 നമ്പർ ടവറും അതിനു ചുറ്റുമായി അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള 8 കെട്ടിടങ്ങളും നിർമിച്ചിട്ടുണ്ട്. ഓവർസിയർ അളന്ന് തിട്ടപ്പെടുത്തിയ ടവറിന്റെയും അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

സമഭുജത്രികോണാകൃതിയിലുള്ള ടവറിന്റെ തറയുടെ വിസ്തീർണം =27.71 ച.മീ (വശം=8ച.മീ)

ടവറിന്റെ വലത് ഭാഗത്തുള്ള 5 കെട്ടിടങ്ങളുടെ വിസ്തീർണം

കെട്ടിടം-1= 8.75ച.മീ (2.5*3.5)

കെട്ടിടം 2=3.27 ച.മീ (1.67*1.96)

കെട്ടിടം 3=13.5 ച.മീ (3.5*3+2*1.5)

കെട്ടിടം 4=4.96 ച.മീ (2*2.48)

കെട്ടിടം 5=14.7 ച.മീ (4.2*3.5)

ടവറിന്റെ ഇടതു ഭാഗത്തുള്ള 3 കെട്ടിടങ്ങളുടെ വിസ്തീർണം

കെട്ടിടം 6=7.8 ച.മീ (2.23*3.5)

കെട്ടിടം 7=7.13 ച.മീ (2.3*3.1)

കെട്ടിടം 8=12.87 ച.മീ (3.3*3.9)

ആകെ വിസ്തീർണം -100.69 ച.മീ

സഞ്ചയപ്രകാരമുള്ള വിസ്തീർണം=72ച.മീ

വിസ്തീർണത്തിലുള്ള വ്യത്യാസം= 28.69 ച.മീ

| | സഞ്ചയ പ്രകാരം | പ്രാദേശിക പരിശോധന പ്രകാരം |
|---|---|---|
| കെട്ടിട വിസ്തീർണം | 72 | 100.69 |
| അടിസ്ഥാന നികുതി | 72*500=36000 | 100.69*500=50345 |
| വർദ്ധനവ് | 0 | 0 |
| ഇളവുകൾ(10%) | 3600 | 5035 |
| ആകെ നികുതി | 32400 | 45310 |

| | | |
|---|---|---|
| ഗ്രന്ഥശാല വരി | 1620 | 2266 |
| ആകെ നികുതി (ഗ്രന്ഥശാല വരി ഉൾപ്പെടെ) | 34020 | 47576 |
| വാർഷിക നികുതി നഷ്ടം | 13556 | |

മേൽ ടവറുകൾക്ക് സഞ്ചയസോഫ്റ്റ്‌വെയറിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. മുനിസിപ്പാലിറ്റി പരിസരത്ത് സ്ഥിതി ചെയ്യുന്ന രണ്ട് ടവറുകളുടെ മാത്രം നികുതി നിർണയിച്ചത് പരിശോധിച്ചതിൽ നിന്നാണ് മേൽ പ്രകാരം നികുതി നഷ്ടമുണ്ടാവുന്നതായി കണ്ടെത്തിയിട്ടുള്ളത്.

നം.ആർ.ഡി.3/94/2020 തസ്വഭവ സർക്കുലർ പ്രകാരം ടവറുകളുടെ വിസ്തീർണം കണക്കാക്കുന്നതിന് സ്പഷ്ടീകരണം ലഭിച്ചിട്ടും ആയത് പരിശോധിച്ച് ടവറുകളുടെ നികുതി പുനർനിർണയിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 09/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ടവറുകളുടെയും നികുതി പരിശോധന നടത്തി സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പുനർനിർണയിച്ച് അറിയിക്കേണ്ടതാണ്.

## 1-25 ടവറുകളുടെ നികുതി നിർണയത്തിനായി വിസ്തീർണം കണക്കാക്കിയതിലെ അപാകതക-മുനിസിപ്പാലിറ്റിക്ക് 5042 രൂപ നഷ്ടം സംഭവിച്ചു

കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിലുള്ള ടെലിഫോൺ ടവറുകൾക്ക് കെടിടനമ്പർ അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്ന് മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളിൽ നിന്ന് നികുതി ഈടാക്കുന്നതിനായി കെട്ടിടവിസ്തീർണം കണക്കാക്കിയതിൽ കുറവ് സംഭവിച്ചതിനാൽ നഗരസഭയ്ക്ക് നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക

## 1-26 മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളുടെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിലുള്ള മുഴുവൻ ടെലിഫോൺ ടവറുകളുടെയും കെട്ടിട നമ്പർ, വിസ്തീർണം, നിർണയിച്ചിരിക്കുന്ന നികുതി ഡിമാന്റ്, നികുതി കളക്ഷൻ, ബാലൻസ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 05/2020-21, 09/2020-21 എന്നീ നമ്പർ ഓഡിറ്റ് അന്വേഷണങ്ങൾ വഴി അവശ്യപ്പെട്ടിരുന്നെങ്കിലും മേൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ഹാജരാക്കാത്തതിനാലും, മുനിസിപ്പാലിറ്റിയിൽ ഡാറ്റ എൻട്രി പൂർത്തിയാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി പിരിവ് സംബന്ധിച്ച പൂർണ വിവരങ്ങൾ ലഭ്യമാകാത്തതിനാലും മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥിതിചെയ്യുന്ന ടവറുകളുടെ നികുതി പൂർണമായും പിരിച്ചെടുത്തിട്ടുണ്ടോയെന്നും കേരള മുനിസിപ്പാലിറ്റി ആക്ട് 539ാം വകുപ്പ് പ്രകാരം ഏതെങ്കിലും തുക കാലഹരണപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ടവറുകളുടെയും നികുതി പിരിവ് വിവരങ്ങൾ അടിയന്തിരമായി തയ്യാറാക്കി ആയത് പരിശോധിച്ച് ടവറുകളുടെ നികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം മുനിസിപ്പാലിറ്റിക്ക് ലഭ്യമാകേണ്ട ഏതെങ്കിലും തുക കാലഹരണപ്പെട്ടിട്ടുണ്ടെങ്കിൽ നിയമാനുസൃത അന്വേഷണം നടത്തി കേരള മുനിസിപ്പാലിറ്റി ആക്ട് 539(2) വകുപ്പ് പ്രകാരം ഉത്തരവാദികളിൽ നിന്ന് 12 ശതമാനം പലിശ സഹിതം തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-27 നിർമാണം പൂർത്തിയാകാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു

ഹേമന്ദ് യു.ബി,ഉഴിഞ്ഞാത്യ,കമ്പളക്കാട്,വയനാട് എന്നിവർക്ക് E2-BA(34903)/2017 നമ്പർ അനുമതി പ്രകാരം 230.87 ച.മീ കെട്ടിടം നിർമിക്കുന്നതിനാവശ്യമായ അനുമതി കൽപ്പറ്റ നഗരസഭയിൽ നിന്ന് 18/07/2017ാം തീയതി നൽകുകയും, 17/07/2020 ാം തീയതി വരെ നൽകിയ മേൽ അനുമതി 23/11/2020 ലെ കെട്ടിട ഉടമയുടെ 18875/17 നമ്പർ അപേക്ഷ പ്രകാരം 790.88 ച.മീ വരുന്ന കെട്ടിടനിർമാണത്തിനായി പുനർ നിർണയിച്ച് 16/07/2023 ാം തീയതി വരെ നീട്ടി നൽകുകയും ചെയ്തിരുന്നു. 24/05/2021ാം തീയതിയിലെ 7081/2021 നമ്പർ അപേക്ഷ പ്രകാരം കെട്ടിടഉടമ നിർമാണം പൂർത്തിയാക്കിയതായി അറിയിച്ചു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ അനുസരിച്ചാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും, കെട്ടിട നിർമാണം നടത്തിയിട്ടുള്ളതുമെന്നും, ഉപയോഗയോഗ്യമായ രീതിയിൽ കെട്ടിടനിർമാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എഫ്.എസ്.ഐ, കവറേജ്, പാർക്കിംഗ് എന്നിവ പാലിക്കുന്നുണ്ടെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒക്യുപൻസി അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയും. സെക്രട്ടറി 30/06/2021ാം തീയതി ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം മേൽ കെട്ടിടത്തിന് 3/407എ മുതൽ എഫ് വരെയുള്ള നമ്പറുകൾ 758.22 ച.മീ വരുന്ന നാല് നിലകളുള്ള കെട്ടിടത്തിന് സെക്രട്ടറി അനുവദിച്ചിട്ടുണ്ട്.

കൽപ്പറ്റ ബൈപ്പാസ് റോഡിൽ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 10/05/2022ാം തീയതി പഞ്ചായത്ത് സാങ്കേതികവിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ നിന്നും കെട്ടിട നിർമാണം പൂർത്തീകരിക്കാതെയാണ് ഒക്യുപൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പറും അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും കെട്ടിടത്തിൽ നടത്തിയ ഭൗതിക പരിശോധനയുടെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട പ്രധാനവസ്തുതകൾ താഴെ നൽകുന്നു.

1)കെട്ടിടത്തിന്റ നിർമാണം പൂർത്തീകരിച്ചിട്ടില്ല.

കംപ്ലീഷൻ പ്ലാൻ പ്രകാരം നിർമാണം പൂർത്തീകരിച്ചതായി അറിയിച്ച കെട്ടിടത്തിന്റെ വാണിജ്യാവശ്യത്തിനുള്ള മുറികൾ നിർമിച്ചിട്ടുള്ള തറ നിലയിലേയും ഒന്നാം നിലയിലേയും,രണ്ടാം നിലയിലേയും ഭിത്തി വാതിലുകൾ,ജനലുകൾ തുടങ്ങിയ അടിസ്ഥാന നിർമാണങ്ങൾ പോലും പൂർത്തീകരിച്ചിട്ടില്ല.

ഗ്രൗണ്ട് ഫ്ളോർ

പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറനിലയിൽ 6 കടമുറികൾ നിർമിച്ചിട്ടുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും .ഗ്രൗണ്ട് ഫ്ലോറിന്റെ മുൻഭാഗത്ത് റോളിങ്ങ് ഷട്ടറുകൾ സ്ഥാപിക്കുക മാത്രമാണ് കെട്ടിടത്തിൽ ചെയ്തിട്ടുള്ളത്. പില്ലറുകളും മേൽക്കൂരയും മാത്രമാണ് തറ നിലയിൽ നിർമിച്ചിട്ടുള്ളത്. പ്ലാൻ പ്രകാരമുള്ള ഇട ഭിത്തികൾ വാതിലുകൾ എന്നിവയൊന്നും നിർമിച്ചിട്ടില്ല. പ്ലാൻ പ്രകാരം 6 കെട്ടിട മുറികളും ടോയിലറ്റും നിർമിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും. മേൽ മുറികളൊന്നും ഭിത്തി കെട്ടി വേർതിരിച്ച് ഉപയോഗപ്രദമാക്കിയിട്ടില്ല.


നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ

ഒന്നാം നില,രണ്ടാം നില

ഒന്നാം നിലയിലും രണ്ടാം നിലയിലും ഗ്രൗണ്ട് ഫ്ലോറിന് സമാനമായ രീതിയിൽ പില്ലറുകളും മേൽക്കൂരയും മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് പ്ലാൻ പ്രകാരമുള്ള ഭിത്തികൾ വാതിലുകൾ,ഗ്ലാസ്സ് ഭിത്തികൾ തുടങ്ങിയ അടിസ്ഥാനപരമായ നിർമ്മിതികൾപോലും കെട്ടിടത്തിൽ സ്ഥാപിച്ചിട്ടില്ല.



നിർമാണം പൂർത്തിയാക്കാത്ത കെട്ടിടത്തിന്റെ ഒന്നാം നില രണ്ടാം നില എന്നിവ

2)ഭിന്നശേഷിക്കാർക്കുള്ള റാമ്പ് ,പ്ലമ്പിങ്ങ് സംവിധാനങ്ങൾ ,ശുചീകരണ സംവിധാനങ്ങൾ എന്നിവയൊന്നും കെട്ടിടത്തിൽ സ്ഥാപിച്ചിട്ടില്ല.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ സെക്ഷൻ 40(A)(1) പ്രകാരം പൊതു ജനസമ്പർക്കമുള്ള A2,B,C,D,E,F ഗ്രൂപ്പ് വിനിയോഗ വിഭാഗങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങളിലും A1 ഗ്രൂപ്പ് വിനിയോഗ വിഭാഗത്തിൽപെടുന്ന അപ്പാർട്ട്മെന്റ് റസിഡൻഷ്യൽ ഫ്ലാറ്റുകളിലും റാമ്പു മുഖേന കെട്ടിടത്തിന്റെ പ്രധാന പ്രവേശന കവാടത്തിലേക്ക് അനായാസ പ്രവേശന മാർഗമുണ്ടാകേണ്ടതാണ്. പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ കെട്ടിടത്തിലേക്ക് പ്രവേശിക്കുന്നതിനായി ഒരു റാമ്പ് സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ റാമ്പ് കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല. പ്ലാനിൽ ഗ്രൗണ്ട് ഫ്ലോർ ഫസ്റ്റ് ഫ്ലോർ,സെക്കന്റ് ഫ്ലോർ എന്നിവയിൽ വാഷ് ബേസിൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു വാഷ്ബേസിൻ സൗകര്യം പോലും കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ സെക്ഷൻ 54(6) പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഓരോ 4.75 ച.മീ കാർപ്പറ്റ് വിസ്തീർണത്തിനും ഒരാൾ എന്ന തോതിൽ കുറയാതെ കണക്കാക്കി ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ആയത് മേൽ ചട്ടത്തോടനുബന്ധിച്ച് നൽകിയിട്ടുള്ള പട്ടിക 9,9(എ) എന്നിവയിൽ നിഷ്കർഷിക്കുന്ന എണ്ണത്തിൽ കുറയാൻ പാടില്ലാത്തതുമാണ്. ആളുകളുടെ എണ്ണത്തിൽ മൂന്നിൽ രണ്ടുഭാഗം പുരുഷൻമാരും മൂന്നിൽ ഒരുഭാഗം സ്ത്രീകളും എന്ന രീതിയിലാണ് ആളുകളുടെ എണ്ണം കണക്കാക്കി ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത്

മേൽ കെട്ടിടത്തിന്റെ കാർപ്പറ്റ് വിസ്തീർണം=441.52 ച.മീ

441.52ച.മീ കാർപ്പറ്റ് വിസ്തീർണം വരുന്ന കെട്ടിടത്തിന് 441.52/4.75=92.84 ≈93 ആളുകൾ

93 ആളുകളിൽ 62 പേർ പുരുഷൻമാരും 31 പേർ സ്ത്രീകളും എന്നതോതിൽ കണക്കാക്കാവുന്നതാണ്

ടേബിൾ 9 പ്രകാരം വാണിജ്യ വിനിയോഗ വിഭാഗത്തിന് ഓരോ 25 പുരുഷൻമാർക്കോ അതിന്റെ ഭാഗത്തിനോ 15സ്ത്രീകൾക്കോ അതിന്റെ ഭാഗത്തിനോ ഒന്ന് വീതം വാട്ടർക്ലോസറ്റ് ആവശ്യമുണ്ട്.

മേൽ കെട്ടിടത്തിന് പുരുഷൻമാർക്ക് 25 പുരുഷൻമാർക്കോ അതിന്റെ ഭാഗത്തിനോ ഒന്ന് എന്നത് പ്രകാരം 3 വാട്ടർ ക്ളോസറ്റ്, 15സ്ത്രീകൾക്കോ അതിന്റെ ഭാഗത്തിനോ ഒന്ന് പ്രകാരം 3 വാട്ടർ ക്ളോസറ്റ് എന്നിവ പ്രകാരം ആകെ 6 വാട്ടർ ക്ലോസറ്റ് ആവശ്യമാണ്.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ സെക്ഷൻ 54(6) പട്ടിക 9(എ) പ്രകാരം 25ആളുകൾക്ക് 1 എന്ന വിധത്തിൽ മേൽ കെട്ടിടത്തിന് 4 മൂത്രപ്പുര ആവശ്യമാണ് എന്നാൽ അടിസ്ഥാനപരമായ പ്ലമ്പിങ്ങ് ജോലികൾ പോലും പൂർത്തിയാക്കാത്ത കെട്ടിടത്തിൽ നിലവിൽ യൂറിനൽ വാട്ടർക്ലോസ്റ്റ് തുടങ്ങിയുള്ള ശുചീകരണ സംവിധാനങ്ങൾ ഒരുക്കിയതായി പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

കെട്ടിടത്തിൽ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടില്ല

കെട്ടിടത്തിൽ മഴവെള്ള സംഭരണസംവിധാനം സ്ഥാപിച്ചിട്ടില്ല. മുൻസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടങ്ങൾ 109 ബി പ്രകാരം 179.99 ച.മീ കവറേജ് വിസ്തീർണമുള്ള കെട്ടിടത്തിന് കവറേജ് വിസ്തീർണത്തിന് 25 ച.മീ പ്രകാരം 4500 ലിറ്റർ സഭരണശേഷിയുള്ള മഴവെള്ള സംഭരണി ആവശ്യമുണ്ട്. എന്നാൽ മേൽ കെട്ടിടത്തിൽ മഴവെള്ള സംഭരണത്തിനായി മേൽക്കൂരയിൽ വെള്ളപ്പാത്തി,താഴെക്കുള്ള പൈപ്പുകൾ,അരിപ്പ യൂണിറ്റ്,വെള്ളം എടുക്കുന്നതിനും വെള്ളം നിറഞ്ഞൊഴുകുന്നതിനുമുള്ള സംവിധാനത്തൊടു കൂടിയ സംഭരണ ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടില്ല. മഴവെള്ള സംഭരണി നിർമിച്ചിട്ടുള്ളതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് ഒരു മൺകുഴിയാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്.



മഴവെള്ള സംഭരണി സ്ഥാപിച്ചതായി പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ നിലവിലെ അവസ്ഥ

കെട്ടിടത്തിൽ പാർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

കെട്ടിടത്തിന് പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തായി(കെട്ടിടത്തിന്റെ മുൻഭാഗത്ത്) മൂന്ന് കാർ പാർക്കിംഗ് യൂണിറ്റുകളും.ബേസ്മെന്റ് ഫ്ലോറിൽ നാല് കാർപാർക്കിംഗ് യൂണിറ്റുകളും അടക്കം ആകെ ഏഴ് കാർപാർക്കിംഗ് യൂണിറ്റുകളാണ് നൽകിയിട്ടുള്ളത്.

എന്നാൽ കെട്ടിടത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തായി(കെട്ടിടത്തിന്റെ മുൻഭാഗത്ത്) പാർക്കിംഗ് യൂണിറ്റുകളിലേക്കായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള 4.5 മീ വീതിയിലുള്ള ഡ്രൈവേ നിർമിക്കാത്തതിനാലും മേൽ സ്ഥലം നിരപ്പാകാതെ കാടുപിടിച്ച് കിടക്കുന്നതിനാലും നിലവിൽ 1 കാർ പാർക്കിംഗ് യൂണിറ്റ് സ്ഥലം മാത്രമേ ലഭ്യമായിട്ടുള്ളൂ. ബേസ്മെന്റ് ഫ്ലോറിലേക്ക് പ്ലാൻ പ്രകാരമുള്ള ഡ്രൈ വേ നിർമിച്ചിട്ടില്ലാത്തതിനാൽ മേൽ സ്ഥലത്ത് നിലവിലുള്ള പാർക്കിംഗ് യൂണിറ്റുകളും ഇരുചക്രവാഹന പാർക്കിംഗ് സൗകര്യവും ഉപയോഗപ്രദമല്ല.



കാട്പിടിച്ച് ഉപയോഗപ്രദമല്ലാതായിരിക്കുന്ന കെട്ടിത്തിന്റ മുൻഭാഗത്തെ കാർപാർക്കിംഗ്



ബേസ്മെന്റ് ഫ്ലോറിലേക്ക് ഡ്രൈവേ നിർമിച്ചിട്ടുള്ളതായി പ്ലാനിൽ കാണിച്ചിട്ടുള്ള സ്ഥലം



ബേസ്മെന്റ് ഫ്ലോറിലേ പാർക്കിംഗിലേക്കുള്ള ഡ്രൈവേയായി പ്ലാനിൽ രേഖപ്പെടുത്തിയ സ്ഥലം

അഗ്നി ബാധസുരക്ഷ സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ല

കെട്ടിടത്തിൽ ഫയർഫൈറ്റിംഗ് പൈപ്പ് ലൈനുകൾ,മോട്ടോർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലമ്പിങ്ങ് സംവിധാനങ്ങളൊന്നും തന്നെ പൂർത്തിയാവാത്തതിൽ ഉപയോഗപ്രദമല്ല.

വ്യാജ വിവരങ്ങൾ രേഖപ്പെടുത്തിയാണ് കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ലൈസൻസി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടങ്ങൾ 153(4) പ്രകാരം പ്ലാനിലേയും ഡ്രോയിങ്ങിലെയും വിവരണങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയും സർട്ടിഫിക്കറ്റ് ഒപ്പ് വെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിങ്ങിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മയ്ക്കും സത്യസന്ധതയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ്.

നിലവിൽ നിർമാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിനാണ് ഒരു വർഷത്തോളം മുൻപ് ഒക്യുപൻസിസർട്ടിഫിക്കറ്റ്, കെട്ടിടനമ്പർ എന്നിവ നൽകിയത്. തെറ്റായ വിവരങ്ങൾ പ്രകാരം പ്ലാൻ തയ്യാറാക്കുകയും. നിർമാണം പൂർത്തികരിക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി നമ്പർ അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്.മേൽ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി 13/05/2022 ലെ ഓഡിറ്റ് അന്വേഷണം നം12/2020-21 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
ചട്ടങ്ങൾക്ക് വിരുദ്ധമായി തെറ്റായ വിവരങ്ങൾ റിപ്പോർട്ട് ചെയ്ത് കെട്ടിടത്തിന് നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരേ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും. നിർമാണം പൂർത്തിയാക്കാത്ത കെട്ടിടം പൂർത്തിയാക്കിയതായി വ്യാജവിവരങ്ങൾ രേഖപ്പെടുത്തി കംപ്ലീഷൻ പ്ലാൻ തയ്യാറാക്കിയ ലൈസൻസിക്കെതിരേ നിയമാനുസൃത അന്വേഷണത്തിന് ശേഷം 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടം 153 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-28 പഴയ കേന്ദ്രീയവിദ്യാലയം നവീകരിച്ച് പകൽവീട് പൂർത്തീകരണം -നിലവിൽ പ്രവർത്തനക്ഷമമല്ല.

പ്രോജക്ട് നമ്പർ 279/20 (പുതിയത് 259/20-21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-460660/-

ചെലവ്- ₹460660/-

ഫണ്ട്- 350000/(പൊതുവിഭാഗം), 140000(ധനകാര്യ കമ്മീഷൻ)

110660/-(ധനകാര്യകമ്മീഷൻ അവാർഡ്)(ബിൽ നം-35/19-11-20)തൻവർഷ ചെലവ്

കരാറുകാരൻ -ടി.സുരേഷ്ബാബു

നഗരസഭ പരിധിയിലുള്ള മുണ്ടേരി പഴയ കേന്ദ്രീയ വിദ്യാലയം നവീകരിച്ച് വയോജനങ്ങളുടെ കൂട്ടായ്മക്ക് വേണ്ടി

പകൽവീടാക്കി മാറ്റുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കെട്ടിടം ചോർച്ചയുള്ളതിനാൽ യാതൊരു പ്രവർത്തനങ്ങളും നടത്താൻ സാധിക്കാത്തതിനാൽ ആയത് മാററി സ്ഥാപിച്ച് നവീകരണപ്രവർത്തനങ്ങൾ ചെയ്ത് പകൽവീടാക്കി മാറ്റി വൃദ്ധജനങ്ങൾക്ക് സൗകര്യപ്രദമാക്കാനാണ് പ്രവൃത്തിയുടെ ഉദ്ദേശ്യം.10/05/2022 ലെ സ്ഥലപരിശോധനയിൽ വയോജനങ്ങൾക്ക് സൗഹൃദമായ രീതിയിലല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.കൂടാതെ കെട്ടിടത്തിലെ മുറികളിൽ വയോജനങ്ങൾക്കായി വാങ്ങിയ കട്ടിലുകൾ,മെത്തകൾ എന്നിവ ഒരു മൂലയ്ക്ക് കൂട്ടിയിട്ട നിലയിൽ കണ്ടെത്തി.കൂടാതെ എസ്റ്റിമേറ്റ് പരിശോധനയിൽ വയോജനസൗഹൃദസൗകര്യങ്ങളായ റാമ്പുകൾ,കൈവരികൾ തുടങ്ങിയവയൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.നിലവിൽ വിവാഹാവശ്യങ്ങൾക്കായിട്ടാണ് കെട്ടിടം ഉപയോഗിക്കുന്നതെന്ന് പരിസരവാസികൾ ഓഡിറ്റിനോട് വിശദീകരിച്ചു.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി നം 33/17-5-22ന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 110660 രൂപ തടസ്സം ചെയ്യുന്നു.

## 1-29 പകൽവീട് മുറ്റം അഭിവൃദ്ധിപ്പെടുത്തൽ-പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല

പ്രോജക്റ്റ് നമ്പർ-329/19-20(പുതിയത് 273/20-21)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ-490000/- ഫണ്ട് 350000 പൊതുവിഭാഗം + 1,40,000 ധനകാര്യകമ്മീഷൻ

ചെലവ്-464978

(114978/- ധനകാര്യകമ്മീഷൻ അവാർഡ്-ബിൽ നം.36/19-11-20)(തൻവർഷ ചെലവ്)

പകൽ വീടുമായി ബന്ധപ്പെട്ട യാർഡ് റിനോവേഷൻ പ്രവർത്തി ആരംഭിച്ചതിന് ശേഷം സൈറ്റ് കണ്ടീഷൻ അനുസരിച്ച് എക്സ്ട്രാഐറ്റം ഉൾപ്പെടുത്തേണ്ട സാഹചര്യം ഉണ്ടായി എന്നും ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നുവെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു.10-5-2022 തിയ്യതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ മുണ്ടേരിയിലെ ഒന്നാം ക്രോസ് റോഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ നിലവിൽ വയോജനങ്ങൾ രണ്ടാഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം തേടുവാനാണ് വരുന്നതെന്നും,നിലവിൽ അയൽക്കൂട്ടങ്ങളുടെ മീറ്റിങ്ങിനായിട്ടാണ് പ്രസ്തുതകെട്ടിടം ഉപയോഗിക്കുന്നതെന്ന് അയൽവാസികൾ ഓഡിറ്റ് ടീമിനോട് വിശദീകരിക്കുകയുണ്ടായി.കെട്ടിടത്തിന്റെ വാട്ടർടാങ്ക് പരിശോധിച്ചതിൽ നിലവിൽ ഉപയോഗിക്കാത്തതായി കാണപ്പെട്ടു.വയോജനങ്ങൾക്കുവേണ്ടി നിർമ്മിച്ച പ്രസ്തുതകെട്ടിടത്തിൽ ഒരു നിർമ്മിതിയും വയോജനസൗഹൃദരീതിയിലല്ല വിഭാവനം ചെയ്തിരിക്കുന്നത് .അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി നം 33/17-5-22ന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 114978രൂപ തടസ്സം ചെയ്യുന്നു.

## 1-30 പൊതുമരാമത്ത് പ്രവർത്തി-പൊതുഅപാകതകൾ

ഓഡിറ്റ് വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ,രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

താഴെപ്പറയുന്നു.

1.റോഡ് പ്രവൃത്തികളിൽ ഒന്നും തന്നെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

2.എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ ഒപ്പുവച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല.

3.എഗ്രിമെന്റ് രജിസ്റ്ററിൽ കോളം നമ്പർ 12 പ്രകാരമുള്ള കരാർ പ്രകാരമുള്ള പൂർത്തീകരണതിയ്യതി രേഖപ്പെടുത്തുന്നില്ല.

4.ടെണ്ടർ രജിസ്റ്ററിൽ ഇ.എം.ഡി,ടെണ്ടർ അംഗീകരിച്ച തിയ്യതി തിയ്യതി,ലഭിച്ച ടെണ്ടറുകളുടെ എണ്ണം എന്നിവ പൂരിപ്പിച്ചിട്ടില്ല.

5.ടെണ്ടർ രജിസ്റ്ററിൽ എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ശതമാനം.ഇ.എം.ഡി രേഖപ്പെടുത്തിയിട്ടില്ല.ഉദാഹരണം മുണ്ടേരി മരവയൽ റോഡ് നവീകരണം,കരോലിന ഗാർഡൻസ് റോഡ്....

6.ക്യാഷ് ബുക്കിൽ ട്രഷറി ബിൽനമ്പർ,ചെക്ക് നമ്പർ എഴുതുന്നില്ല.ഫയലിൽ മുൻപാർട്ട്ബില്ലുകളുടെ വിവരങ്ങളും.തൻവർഷബില്ലുകളും,ട്രഷറിയിൽ നിന്ന് പാസ്സായ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

6.കരാറിൽ ചില പ്രവർത്തികളുടെ പൂർത്തീകരണതിയ്യതി എഴുതുന്നില്ല ഉദാഹരണം നെടുങ്ങോട് എമിലിറോഡ്......

7.എം ബുക്കിൽ ബിറ്റുമിന്റെ ആഡ്വിക്വസി രേഖപ്പെടുത്തുന്നില്ല

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല

## 1-31 കുടുംബശ്രീ ഷീ ലോഡ്ജ് നിർമ്മാണം-നാളിതുവരെ പ്രവർത്തനക്ഷമമായില്ല

പ്രോജക്ട് നമ്പർ-304/20-21

പ്രോജക്ട്-കുടുംബശ്രീ ഷീ ലോഡ്ജ് നിർമ്മാണം

അടങ്കൽ-2602000/-

ചെലവ്-2363182(ബിൽ നമ്പർ 148/30-3-21)

ഫണ്ട്-പൊതുവിഭാഗം

രാത്രികാലങ്ങളിൽ വയനാട്ടിൽ എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി താമസിക്കാൻ ഇടമൊരുക്കുക എന്ന ലക്ഷ്യത്തോടെ മുണ്ടേരി ബാച്ചിലേഴ്സ് ക്വാർട്ടേഴ്സിന് പുറക് വശത്തായി 4 മുറികൾ നിർമ്മിച്ചിട്ടുണ്ട്.ആയതിന് എംബുക്ക് പ്രകാരം 2363183 രൂപ ചെലവഴിച്ചിട്ടുണ്ട്.17-5-2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ലെന്നും കട്ടിലുൾപ്പെടെയുള്ള ഫർണ്ണീച്ചർ വാങ്ങിയിട്ടില്ലെന്നും കണ്ടെത്തി.കൂടാതെ ഈ സ്ഥാപനം ബസ്സ്റ്റോപ്പിൽ നിന്ന് ഏതാണ്ട് ഒരു കിലോമീറ്റർ അകലെയാണ്.ഈസ്ഥാപനത്തെക്കുറിച്ചുള്ള വിവരങ്ങൾ എങ്ങനെ ഉപഭോക്താക്കളിലെത്തും എന്നത് പ്രധാനമായ കാര്യമാണ്.നിലവിൽ സ്ഥാപനം പ്രവർത്തനക്ഷമമല്ല.അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തി

കൽപ്പറ്റ നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി പുതിയ നിരക്കിൽ വസ്തു നികുതി ഈടാക്കാൻ ആരംഭിച്ചത് 01/04/2022 മുതലാണ്.കേരള മുനിസിപ്പാലിറ്റി ആക്ട് 539ാം വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ഫണ്ടിന് പിരിഞ്ഞ് കിട്ടേണ്ട തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ തുക കാലഹരണപ്പെടുകയും ഈ തുക ഈടാക്കുന്നതിന് ജപ്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യും. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 06/03/2019ാം തീയതിയിലെ 540/2019/ത.സ്വ.ഭ.വ ഉത്തരവിൽ 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഫോം-6 ലെ ഡാറ്റ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ ഉടങ്ങിയ എല്ലാ ഓഫീസ് നടപടികളും പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ കൽപ്പറ്റ നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് വീണ്ടും 2 വർഷത്തിലേറെ കാലതാമസം സംഭവിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണത്തിന് കാലതാമസം നേരിട്ട സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 16.05.2022ാം തീയതിയിലെ 20/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി പരിഷ്കരണം നടപ്പിൽ വരുത്തുന്നതിന് കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന് കാലതാമസം സംഭവിച്ചു-മുനിസിപ്പാലിറ്റിക്ക് വരുമാനനഷ്ടം.

2011ലെ കേരള മുൻസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടം 26 പ്രകാരം മുൻസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 235 ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി (പൂർണസംഖ്യയിൽ) ചുമത്താവുന്നതാണ്. കൽപ്പറ്റ നഗരസഭ 27/08/2020 ലെ 4ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2021-22 സാമ്പത്തികവർഷം മുതലാണ് 10ശതമാനം സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചത്. മുനിസിപ്പാലിറ്റിയിൽ വസ്തു നികുതി പരിഷ്കരണം 01.04.2016 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കിയിട്ടും 2021-22 സാമ്പത്തിക വർഷം മുതൽ മാത്രം സേവനഉപനികുതി ഈടാക്കുന്നതിന് തീരുമാനമെടുത്തത് മൂലം മുനിസിപ്പാലിറ്റിക്ക് സേവന ഉപനികുതിയായി ലഭിക്കേണ്ട അഞ്ചു വർഷത്തെ തുക നഷ്ടപ്പെട്ടിരിക്കുകയാണ്.മേൽ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 വാടക കുടിശ്ശിക-ഡിമാന്റിൽ കുറവ് വരുത്തി

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാടക കുടിശ്ശിക വരവ് പരിശോധിച്ചതിൽ വാടക കുടിശ്ശികയുടെ ഡിമാന്റിൽ 5,71,049/- രൂപ കുറവ് വരുത്തിയതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 19-20 വാർഷിക കണക്ക് പ്രകാരം തൻ വർഷ വാടക കുടിശ്ശിക(schedule B15) | 14,95,429 |

| | |
|---|---|
| 19-20 വാർഷിക കണക്ക് പ്രകാരം മുൻ വർഷ കുടിശ്ശിക(schedule B15) | 1,88,306 |
| 19-20 ലെ ആകെ വാടക കുടിശ്ശിക | 16,83,735 |

| | |
|---|---|
| 20-21 വാർഷിക കണക്ക് പ്രകാരം തൻ വർഷം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക(RP 37) | 5,18,568 |
| 20-21 വാർഷിക കണക്ക് പ്രകാരം തൻ വർഷം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക(schedule B15) | 5,94,118 |

വാർഷിക കണക്ക് പ്രകാരം മുൻ വർഷ കുടിശ്ശിക ₹16,83,735/- ആണ്. തൻ വർഷം വാടക കുടിശ്ശിക ഇനത്തിൽ ₹5,18,568/- പിരിച്ചെടുത്തിട്ടുണ്ട്. മുൻവർഷ കുടിശ്ശിക തുകയിൽ നിന്നും തൻ വർഷം കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത തുക കിഴിച്ച് ബാക്കി ₹11,65,167/-കിട്ടാനുണ്ട്. എന്നാൽ 2020-21വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ ₹5,94,118/-യാണ് പിരിഞ്ഞു കിട്ടാനുള്ളതായി കാണിച്ചിട്ടുള്ളത്.20-21വാർഷിക കണക്കിൽ നിന്ന് 5,71,049/- രൂപ വാടക കുടിശ്ശികയിനത്തിൽ കുറവുവരുത്തിയിട്ടുണ്ട്. ഈ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വാടകയിനത്തിലുള്ള തുകയാണെന്നും വാടക കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി.നം. 02/2020-21,തീയതി 05.05.2022) സാങ്കേതിക പിഴവുകൊണ്ടാണ് വാടക കുടിശ്ശിക കൂടുതലായി വാർഷിക കണക്കിൽ കാണുന്നതെന്നാണ് വാടക പിരിവ് കൈകാര്യം ചെയ്യുന്ന സെക്ഷനിൽ നിന്നും ലഭ്യമായ മറുപടി. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റേയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക(Abstract Of Demand Register) പരിശോധിച്ച് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതും പൊരുത്തക്കേടുണ്ടെങ്കിൽ ഇവ തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം അക്കൗണ്ടിംഗ് കുറിപ്പുകളിൽ ഉൾപ്പെടുത്തി വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. മുൻ വർഷങ്ങളിലെ ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിച്ചപ്പോൾ അപാകത പരിഹരിച്ച് അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപാകതകൾ ആവർത്തിക്കുകയാണുണ്ടായത്. നഗരസഭാ കൗൺസിലിന്റെ അനുവാദമില്ലാതെ വാടക കുടിശ്ശിക ഡിമാന്റിൽ കുറവു വരുത്തിയതിന്/ യഥാർത്ഥ വാടക കുടിശ്ശികയുമായി വാർഷിക കണക്കിൽ വ്യത്യാസം വരാനുണ്ടായ സാഹചര്യത്തിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി - ₹ 88,326.00 അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-377/21 സുഭിക്ഷ കേരളം- വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി |
| അടങ്കൽ | ₹8,00,000.00 (വികസനം ജനറൽ) |
| ചെലവ് | ₹3,17,275.00 (ബിൽ നം. 78/20-21/30.03.21 ) |

പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 80 ച.മീ വിസ്തീർണ്ണമുള്ള കുളം കുഴിച്ച് അതിൽ പടുത വിരിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുക എന്നതായിരുന്നു ഉദ്ദേശ്യം. സ.ഉ(സാധാ)നം.1009/2020 /തസ്വഭവ/29.05.2020 പ്രകാരമാണ് മേൽ സബ്സിഡി നൽകിയിരിക്കുന്നത്.

വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി താഴെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക്(₹) | പരമാവധി സബ്സിഡി(₹) | | | ഗുണഭോക്തൃ വിഹിതം(₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |

| | | | | |
|---|---|---|---|---|
| 1,23,000.00 | 32,800.00<br>മൊത്തം ചെലവിന്റെ 26.666 % | 16,400.00<br>മൊത്തം ചെലവിന്റെ<br>13.333 % | 49,200.00<br>മൊത്തം ചെലവിന്റെ<br>40 % | 73,800.00<br>മൊത്തം ചെലവിന്റെ<br>60 % |

എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ചെലവ് രേഖകൾ പ്രകാരവും, സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും ₹ 1,23,000.00 - ൽ കുറവാണ് എല്ലാ ഗുണഭേക്താക്കൾക്കും ചെലവ് വന്നിട്ടുള്ളത്.ആകെ വന്ന ചെലവിന്റെ 26.666% മാത്രമാണ് നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടത്. എന്നാൽ, 40% നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ വന്നിട്ടുള്ള ചെലവ് (₹) | നഗരസഭ ഫണ്ടിൽ നിന്നും ആകെ നൽകിയ സബ്സിഡി(₹) | നഗരസഭ ഫണ്ടിൽ നിന്നും നൽകേണ്ട സബ്സിഡി(₹) (മൊത്തം ചെലവിന്റെ 26.666 %) | അധികം നൽകിയത്(₹) |
|---|---|---|---|---|---|
| 1 | ശ്രീ. സുനിൽ.ഒ.കെ, പെരുന്തോട്ടി എസ്റ്റേറ്റ്, കൽപ്പറ്റ. | 89,931.00 | 32,000.00 | 23,981.00 | 8,019.00 |
| 2 | ശ്രീ.അബ്ദുൾ റസാക്ക്, കൊടുവള്ളി | 83,981.00 | 32,000.00 | 22,394.00 | 9,606.00 |
| 3 | ശ്രീ.സുധാകരൻ.സി, തുർക്കി, കൽപ്പറ്റ | 81,231.00 | 31,080.00 | 21,661.00 | 9,419.00 |
| 4 | ശ്രീമതി.താജുന്നിസ.കെ, അമ്പിലേരി, കൽപ്പറ്റ | 78,004.00 | 31,080.00 | 20,801.00 | 10,279.00 |
| 5 | ശ്രീ.സഹദേവൻ.സി, ചുണ്ടേൽ, കൽപ്പറ്റ | 87,467.00 | 31,080.00 | 23,324.00 | 7,756.00 |
| 6 | ശ്രീമതി.മേഘ.എം, മുട്ടിൽ നോർത്ത് | 79,167.00 | 30,740.00 | 21,111.00 | 9,629.00 |
| 7 | ശ്രീമതി.ത്രേസ്യ സെബാസ്റ്റ്യൻ, മുണ്ടേരി | 97,638.00 | 24,000.00 | 26,036.00 | 2,036.00 |
| 8 | ശ്രീ.ആനന്ദൻ, കൈതക്കൊല്ലി, കൽപ്പറ്റ | 76,459.00 | 28,160.00 | 20,389.00 | 7,771.00 |
| 9 | ശ്രീ.ഉണ്ണികൃഷ്ണൻ, എമിലി | 74,660.00 | 28,960.00 | 19,909.00 | 9,051.00 |
| 10 | ശ്രീ.സുനിൽ കുമാർ, തിരുവനന്തപുരം | 77,976.00 | 29,600.00 | 20,793.00 | 8,807.00 |
| 11 | വിജയൻ നെടുങ്ങോട് | 24,400.00 | 9,760.00 | 6,507.00 | 3,253.00 |
| 12 | റഷീദ് മാട്ടുമ്മൽ | 22,874.00 | 8,800.00 | 6,099.00 | 2,700.00 |
| ആകെ | | | | | 88,326.00 |

മേൽ പട്ടിക പ്രകാരം ₹ 88,326.00 അധികം നൽകിയിട്ടുണ്ട്.

മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് നഗരസഭയിൽ നിലവിലില്ല. യൂണിറ്റുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-36 സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി - ₹ 51,126 അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഫ്ലോക്ക് മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-378/21 സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി |

| | |
|---|---|
| അടങ്കൽ | ₹4,50,000.00 (വികസനം ജനറൽ) |
| ചെലവ് | ₹2,41,310.00 (ബിൽ നം. 77/20-21/30.03.21 ) |

പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 Gsm HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലുപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുക എന്നതായിരുന്നു ഉദ്ദേശ്യം. സ.ഉ(സാധാ)നം.1009/2020/തസ്വഭവ /29.05.2020 പ്രകാരമാണ് മേൽ സബ്സിഡി നൽകിയിരിക്കുന്നത്.

ബയോഫ്ലോക്ക് മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി താഴെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക്(₹) | പരമാവധി സബ്സിഡി(₹) | | | ഗുണഭോക്തൃ വിഹിതം(₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 1,38,000.00 | 36,800.00 മൊത്തം ചെലവിന്റെ 26.666 % | 18,400.00 മൊത്തം ചെലവിന്റെ 13.333 % | 55,200.00 മൊത്തം ചെലവിന്റെ 40 % | 82,800.00 മൊത്തം ചെലവിന്റെ 60 % |

എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ചെലവ് രേഖകൾ പ്രകാരവും, സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റുമെന്റ് പ്രകാരവും ₹ 1,38,000.00 - ൽ കുറവാണ് എല്ലാ ഗുണഭേക്താക്കൾക്കും ചെലവ് വന്നിട്ടുള്ളത്.ആകെ വന്ന ചെലവിന്റെ 26.666% മാത്രമാണ് നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടത്. എന്നാൽ, 40% നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ വന്നിട്ടുള്ള ചെലവ് (₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും ആകെ നൽകിയ സബ്സിഡി(₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകേണ്ട സബ്സിഡി(₹) (മൊത്തം ചെലവിന്റെ 26.666 %) | അധികം നൽകിയത്(₹) |
|---|---|---|---|---|---|
| 1 | ശ്രീ. സുധീർ.കെ, കൈനാട്ടി എസ്റ്റേറ്റ്, കൽപ്പറ്റ | 1,17,933.00 | 36,114.00 | 31,448.00 | 4,666.00 |
| 2 | ശ്രീമതി. സാറാമ്മ ടോമി, കൽപ്പറ്റ | 1,23,282.00 | 35,204.00 | 32,874.00 | 2,330.00 |
| 3 | ശ്രീ. ബാബു.ടി.യു,മുള്ളൻകൊല്ലി, കൽപ്പറ്റ | 1,11,369.00 | 34,520.00 | 29,698.00 | 4,822.00 |
| 4 | ശ്രീ.മുർഷാദ്, കൽപ്പറ്റ | 99,530.00 | 35,912.00 | 26,541.00 | 9,371.00 |
| 5 | ശ്രീ.മോഹൻദാസ്, കൽപ്പറ്റ | 89,081.00 | 33,687.00 | 23,754.00 | 9,933.00 |
| 6 | ശ്രീ.അജ്മൽ.പി,കൽപ്പറ്റ | 84,773.00 | 32,827.00 | 22,606.00 | 10,221.00 |
| 7 | ശ്രീ.രാജേന്ദ്ര പ്രസാദ്,കൽപ്പറ്റ | 88,291.00 | 33,327.00 | 23,544.00 | 9,783.00 |
| ആകെ | | | | | 51,126.00 |

മേൽ പട്ടിക പ്രകാരം ₹ 51,126.00 അധികം നൽകിയിട്ടുണ്ട്.

മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്റ്റ് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. യൂണിറ്റുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല. ഖണ്ഡിക 3-2 കാണുക.

## 1-37 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹

9,10,000തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-249/21 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങൽ |
| അടങ്കൽ | ₹10,00,0000.00 (വികസനം ജനറൽ) |
| ചെലവ് | ₹4,90,000.00 (ബിൽ നം. 2/20-21/21.04.20 )<br>₹4,20,000.00 (ബിൽ നം. 3/20-21/21.04.20 )<br>ആകെ 9,10,000.00 |

മേൽ പദ്ധതി പ്രകാരം, ടെണ്ടർ പ്രകാരം Ace Motors, കോഴിക്കോടിനാണ് സൈഡ് വീലുള്ള ഹീറോ സ്കൂട്ടർ സപ്ലൈ ചെയ്യാനുള്ള ഓർഡർ നൽകിയിരിക്കുന്നത്. 13 പേർക്കാണ് സ്കൂട്ടർ നൽകിയിരിക്കുന്നത്. അപാകതകൾ താഴെ പറയുന്നു.

1. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്, ടാക്സ് തുടങ്ങിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സെക്രട്ടറിക്ക് ലഭ്യമാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

3. വാഹനത്തിന്റെ ഹൈപ്പോത്തിക്കേഷൻ നഗരസഭ സെക്രട്ടറിയുടെ പേരിലേക്ക് മാറ്റിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹ 9,10,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-38 എസ്.എസ്.എ വിഹിതം - ₹ 88,509 അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം/ പേര് | S-209/21 എസ്.എസ്.എ വിഹിതം നൽകൽ(2019-20 സ്പിൽ ഓവർ) | S-2/21 എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | ₹25,13,716.00 (വികസനം ജനറൽ) | ₹35,00,000.00 (വികസനം ജനറൽ) |
| ചെലവ് | ₹25,13,716.00 (ബിൽ നം. 1/20-21/21.04.20 ) | ₹35,00,000.00(ബിൽ നം. 50/20-21 /12.01.21 ) |

`മേൽ പദ്ധതി പ്രകാരം, 24/06/2019-ലെ ജില്ല പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ വയനാടിന്റെ കത്ത് (നം. എഫ്/493/2019/എസ്.എസ്.കെ) പ്രകാരം കൽപ്പറ്റ നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി നൽകേണ്ട തുക ₹ 33,96,492.00 – യും മുൻകാല കുടിശ്ശിക ₹ 39,365.00 – യും ആണ്. 19/08/2020-ലെ ജില്ല പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ വയനാടിന്റെ കത്ത് (നം. എ/440/2020/എസ്.എസ്.കെ) പ്രകാരം കൽപ്പറ്റ നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി നൽകേണ്ട തുക ₹ 24,88,900.00 – യും മുൻകാല കുടിശ്ശിക ₹ 36,13,298.00 – യും ആണ്. 2019-2020 കാലയളവിൽ ₹ 39,365.00 ഉള്ള കുടിശ്ശിക തുക 2020-2021 കാലയളവിൽ ₹ 36,13,298.00 ആയി വർദ്ധിച്ചതായി ആണ് കാണുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| 2019-20- ൽ എസ്.എസ്.എ ജില്ല ഓഫീസറുടെ കത്ത് പ്രകാരമുള്ള ആകെ കുടിശ്ശിക(₹) | 2019-20- ൽ എസ്.എസ്.എ ജില്ല ഓഫീസറുടെ കത്ത് പ്രകാരമുള്ള പദ്ധതി വിഹിതം(₹) | എസ്.എസ്.എ ജില്ല ഓഫീസറുടെ കത്ത് പ്രകാരമുള്ള2019-20- ല് ആകെ അടക്കേണ്ടത് | പ്രോജക്ട് നം. 209/21 പ്രകാരം 2019-20- ൽ അടവാക്കിയിയ തുക(₹) | ബാക്കി അടക്കാനുള്ള തുക(₹) |
|---|---|---|---|---|
| 39,365.00 | 33,96,942.00 | 34,36,307.00 | 25,13,716.00 | 9,22,591.00 |

| 2020-21- ല്ൽ | 2020-21- ൽ എസ്.എസ്.എ | 2020-21- ല് | പ്രോജക്ട് നം. 002/21 | അധികം |
|---|---|---|---|---|

| ആകെ കുടിശ്ശിക(₹) | ജില്ല ഓഫീസറുടെ കത്ത് പ്രകാരമുള്ള പദ്ധതി വിഹിതം(₹) | ആകെ അടക്കേണ്ടത് | പ്രകാരം 2020-21-ൽ അടവാക്കിയിയ തുക(₹) | അടവാക്കിയ തുക(₹) |
|---|---|---|---|---|
| 9,22,591.00 | 24,88,900.00 | 34,11,491.00 | 35,00,000.00 | 88,509.00 |

മേൽ പട്ടിക പ്രകാരം ₹ 88,509.00 അധികം അടവാക്കിയിരിക്കുകയാണ്.

കുടിശ്ശിക തുക ₹ 35,73,933.00ആയി വൻ തോതിൽ വർദ്ധിപ്പിച്ചിട്ടും സെക്രട്ടറി എസ്.എസ്.എ-യുമായി കത്തിടപാടുകൾ നടത്തിയിട്ടില്ല. മാത്രമല്ല, എസ്.എസ് എ കുടിശ്ശികയുടെ വിശദ വിവരം നഗരസഭയിൽ ലഭ്യമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. അധികം നൽകിയ ₹ 88,509.00 തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-39 ജീവനം പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 2,00,000തടസ്സം ചെയ്യുന്നു.

കൽപ്പറ്റ നഗരസഭ സെക്രട്ടറി, ജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്ക് സഹായം അനുവദിക്കുന്നതിന് ജില്ല പഞ്ചായത്ത് സെക്രട്ടറിക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ(₹) | ഏജൻസിയുടെ പേര് | വിഹിതം/ഡെപ്പോസിറ്റ് നൽകിയ തുക(₹) | ബിൽ നം./ചെക്ക്നം. /തീയതി |
|---|---|---|---|---|---|
| 1 | ജീവനം പദ്ധതി S 0205/21 | 2,00,000.00 (വികസനം ജനറൽ) | ഡയാലിസിസിന് ജില്ല പഞ്ചായത്തിന് തുക കൈമാറൽ | 2,00,000.00 | 79/20-21/30.03.21 |
| ആകെ | | | | 2,00,000.00 | |

എന്നാൽ, മേൽ പദ്ധതിയുടെ ജില്ല പഞ്ചായത്തിൽ നിന്നുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ ചെലവ് തുക ₹ 2,00,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വിശദമായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-40 കാരാപ്പുഴ കുടിവെള്ള പദ്ധതി - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 3,15,75,000 തടസ്സം ചെയ്യുന്നു.

കൽപ്പറ്റ നഗരസഭ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി, കാരാപ്പുഴ പ്രോജക്ട് ഡിവിഷന് പൈപ്പ് ലൈൻ നീട്ടുന്നതിന് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ(₹) | ഏജൻസിയുടെ പേര് | വിഹിതം/ഡെപ്പോസിറ്റ് നൽകിയ തുക(₹) | ബിൽ നം./ചെക്ക്നം. /തീയതി |
|---|---|---|---|---|---|
| 1 | കാരാപ്പുഴ കുടിവെള്ള പദ്ധതി S211/21 | 1,03,65,000.00 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ | 50,00,000.00<br>69,00,000.00<br>46,75,000.00<br>ആകെ<br>1,65,75,000.00 | 12/20-21/22.05.20<br>14/20-21/22.05.20<br>71/20-21/29.03.21 |
| 2 | കാരാപ്പുഴ കുടിവെള്ള പദ്ധതി S007/21 | 50,00,000.00 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ | 50,00,000.00 | 70/20-21/29.03.21 |
| 3 | കാരാപ്പുഴ | 50,00,000.00 | കാരാപ്പുഴ പ്രോജക്ട് | 50,00,000.00 | 13/20-21/22.05.20 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി S212/21 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഡിവിഷൻ | | |
| 4 | കാരാപ്പുഴ കുടിവെള്ള പദ്ധതി S008/21 | 50,00,000.00 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | KWA | 50,00,000.00 | 52/20-21/29.03.21 |
| ആകെ | | | | 3,15,75,000.00 | |

എന്നാൽ, മേൽ പദ്ധതിയുടെ കേരള വാട്ടർ അതോറിറ്റി, കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ നിന്നുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ ചെലവ് തുക ₹ 3,15,75,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വിശദമായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-41 സാമൂഹ്യ സുരക്ഷ മിഷൻ- മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 10,00,000 തടസ്സം ചെയ്യുന്നു.

കൽപ്പറ്റ നഗരസഭ സെക്രട്ടറി, സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ(₹) | ഏജൻസിയുടെ പേര് | വിഹിതം/ഡെപ്പോസിറ്റ് നൽകിയ തുക(₹) | ബിൽ നം./ചെക്ക്നം. /തീയതി |
|---|---|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ, S0014/21 | 10,00,000.00 (വികസനം ജനറൽ) | സാമൂഹ്യ സുരക്ഷ മിഷൻ | 10,00,000.00 | 38/20-21/12.01.21 |
| ആകെ | | | | 10,00,000.00 | |

എന്നാൽ, മേൽ പദ്ധതിയുടെ സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20-21 /16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂല്യ നിർണ്ണയ രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ ചെലവ് തുക ₹ 10,00,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വിശദമായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-42 എസ്.എസ്.എ - മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല – ₹ 60,13,716.00 തടസ്സം ചെയ്യുന്നു.

കൽപ്പറ്റ നഗരസഭ സെക്രട്ടറി, എസ്.എസ്.എ-ക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ(₹) | ഏജൻസിയുടെ പേര് | വിഹിതം/ഡെപ്പോസിറ്റ് നൽകിയ തുക(₹) | ബിൽ നം./ചെക്ക്നം. /തീയതി |
|---|---|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം നൽകൽ, S209/21 വിശദമായ മൂല്യ നിർണ്ണയം ലഭ്യമാക്കിയിട്ടില്ല. | 25,13,716.00 (വികസനം ജനറൽ) | S.S.A | 25,13,716.00 | 1/20-21/21.04.20 |
| 2 | എസ്.എസ്.എ വിഹിതം നൽകൽ,(ടി.എസ്.പി), S0002/21 | 35,00,000.00 (വികസനം ജനറൽ) | S.S.A | 35,00,000.00 | 50/20-21/12.01.21 |

| | | | | |
|---|---|---|---|---|
| | വിശദമായ മൂല്യ നിർണ്ണയം ലഭ്യമാക്കിയിട്ടില്ല. | | | |
| ആകെ | | | 60,13,716.00 | |

എന്നാൽ, മേൽ പദ്ധതിയുടെ എസ്.എസ്.എ-യിൽ നിന്നുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂല്യ നിർണ്ണയ രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ ചെലവ് തുക ₹ 60,13,716.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, വിശദമായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതുമാണ്.

## 1-43 ജനറൽ കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹10,00,000.00 തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടിൽ വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-288/21 കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടില് വിതരണം(ജനറൽ) |
| അടങ്കൽ | ₹10,00,000.00 (വികസനം ജനറൽ) |
| ചെലവ് | ₹10,00,000.00 (ബിൽ നം. 49/20-21/12.01.21 ) |

മേൽ പദ്ധതി പ്രകാരം, 250 പേരുള്ള ജനറൽ ഗുണഭോക്തൃ ലിസ്റ്റ് സി.ഡി.എസ് തയ്യാറാക്കി, നഗരസഭ കൗൺസിലിന്റെ 18/06/2020-ലെ 16-ാം നമ്പർ തീരുമാന അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമസഭ ലിസ്റ്റ് ഇല്ലാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ (കൈ നം. 22/2018/തസ്വഭവ/14.02.2018) ഖണ്ഡിക 7.1.13പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് മരകട്ടിൽ നൽകാവുന്നതാണ്. എന്നാൽ, ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്ന രേഖകൾ, ബി.പി.എൽ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. SIDCO, കൊച്ചിയിൽ നിന്നും ഒരു മരകട്ടിലിന് ₹ 4,000.00 വെച്ചാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./ഫണ്ട് | SIDCO ഇൻവോയിസ് നം./തീയതി | കട്ടിലുകളുടെ എണ്ണം | ആകെ തുക(₹) |
|---|---|---|---|
| 288/21/ജനറൽ | WYND/19-20/88/30.03.20 | 250 | 10,00,000.00 |

രേഖകൾ പ്രകാരം മേൽ കട്ടിലുകൾ നൽകിയിരിക്കുന്നത് വാർഡ് എ.ഡി.എസുമാർക്കാണ്. 250 ജനറൽ ഗുണഭോക്താക്കളുടെ കട്ടിൽ വാർഡ് എ.ഡി.എസുമാർ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിട്ട് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, യഥാർത്ഥ ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ഇല്ലാത്തതിനാൽ മര കട്ടിലുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/20-21/17.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 10,00,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-44 എസ്.സി കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹ 2,28,000.00 തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടിൽ വിതരണം (എസ്.സി) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-290/21 കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടില് വിതരണം(എസ്.സി) |
| അടങ്കൽ | ₹7,31,000.00 (വികസനം എസ്.സി.പി) |
| ചെലവ് | ₹2,28,000.00 (ബിൽ നം. 4/20-21/21.04.20 ) |

മേൽ പദ്ധതി പ്രകാരം, പ്രോജക്ട് നമ്പർ S-290/21 ന്റെ 57 പേരുള്ള എസ്.സി ഗുണഭോക്തൃ ലിസ്റ്റ് സി.ഡി.എസ് തയ്യാറാക്കി നഗരസഭ കൗൺസിൽ 01/03/2020-ന് 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമസഭ ലിസ്റ്റ് ഇല്ലാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ (കൈ നം. 22/2018/തസ്വഭവ/14.02.2018) ഖണ്ഡിക 7.1.13പ്രകാരം 60 വയസ്സ് കഴിഞ്ഞ

വയോജനങ്ങൾക്ക് മരകട്ടിൽ നൽകാവുന്നതാണ്. എന്നാൽ, ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്ന രേഖകൾ, ഗുണഭോക്താക്കളുടെ ജാതി സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. SIDCO, കൊച്ചിയിൽ നിന്നും ഒരു മരകട്ടിലിന് ₹ 4,000.00 വെച്ചാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./ഫണ്ട് | SIDCO ഇൻവോയിസ് നം./തീയതി | കട്ടിലുകളുടെ എണ്ണം | ആകെ തുക(₹) |
|---|---|---|---|
| 290/21/എസ്.സി.പി | WYND/19-20/86/19.03.20 | 57 | 2,28,000.00 |

രേഖകൾ പ്രകാരം മേൽ കട്ടിലുകൾ നൽകിയിരിക്കുന്നത് വാർഡ് എ.ഡി.എസുമാർക്കാണ്. 57 എസ്.സി ഗുണഭോക്താക്കളുടെ കട്ടിൽ വാർഡ് എ.ഡി.എസുമാർ സ്റ്റോക്ക് രജിസ്റ്റിൽ ഒപ്പിട്ട് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, യഥാർത്ഥ ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ഇല്ലാത്തതിനാൽ മര കട്ടിലുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/20-21/17.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 2,28,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-45 എസ്.ടി - കുടുംബ ശ്രീ വയോജനങ്ങൾക്ക് കട്ടിൽ നൽകിയത് - രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹ 2,12,000 തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടിൽ (എസ്.ടി) വിതരണം എന്ന മൂന്ന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-289/21 കുടുംബ ശ്രീ വയോജന അയൽക്കൂട്ടങ്ങൾക്ക് മര കട്ടില് വിതരണം(എസ്.ടി) |
| അടങ്കൽ | ₹ 3,50,000.00 (വികസനം ടി.എസ്.പി) |
| ചെലവ് | ₹ 2,12,000.00 (ബിൽ നം.28/20-21/21.08.20 ) |

മേൽ പദ്ധതി പ്രകാരം, 53 പേരുള്ള എസ്.ടി ഗുണഭോക്തൃ ലിസ്റ്റ് സി.ഡി.എസ് തയ്യാറാക്കി, നഗരസഭ കൗൺസിൽ 01/03/2020-ന്റെ 4-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമസഭ ലിസ്റ്റ് ഇല്ലാതെയാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ (കൈ നം. 22/2018/തസ്വഭവ/14.02.2018) ഖണ്ഡിക 7.1.13പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് മരകട്ടിൽ നൽകാവുന്നതാണ്. എന്നാൽ, ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്ന രേഖകൾ, ജാതി സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. SIDCO, കൊച്ചിയിൽ നിന്നും ഒരു മരകട്ടിലിന് ₹ 4,000.00 വെച്ചാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./ഫണ്ട് | SIDCO ഇൻവോയിസ് നം./തീയതി | കട്ടിലുകളുടെ എണ്ണം | ആകെ തുക(₹) |
|---|---|---|---|
| 289/21/ടി.എസ്.പി | WYND/19-20/87/19.03.20 | 53 | 2,12,000.00 |

രേഖകൾ പ്രകാരം മേൽ കട്ടിലുകൾ നൽകിയിരിക്കുന്നത് വാർഡ് എ.ഡി.എസുമാർക്കാണ്. 53 എസ്.ടി ഗുണഭോക്താക്കളുടെ കട്ടിൽ വാർഡ് എ.ഡി.എസുമാർ സ്റ്റോക്ക് രജിസ്റ്റിൽ ഒപ്പിട്ട് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, യഥാർത്ഥ ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ഇല്ലാത്തതിനാൽ മര കട്ടിലുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/20-21/17.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 2,12,000.00 തടസ്സം ചെയ്യുന്നു. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-46 സർക്കാർ നിർദ്ദേശ പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഒരു ടി.ആർ. 7(എ) ക്യാഷ് ബുക്കിലാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സബ്സിഡിയറി രജിസ്റ്ററിൽ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു. നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ ജില്ലാ പട്ടികജാതി വികസന ഓഫീസർ , വെറ്ററിനറി സർജൻ എന്നിവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള

ഫണ്ടിന്റെ വരവുചെലവ് വിവരങ്ങൾ സബ്സിറി രജിസ്റ്ററിലാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.ഓഡിറ്റ് എൻക്വയറി നം. 17/20-21, 13.04.2022, ഓഡിറ്റ് എൻക്വയറി നം. 18 /20-21, 13.04.2022 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-47 സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനത്തിന് ധനസഹായം നൽകി.

നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ 8, 9,10 ക്ലാസ്സുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സൈക്കിൾ നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ എസ്.0030/21, അടങ്കൽ - ഒരു ലക്ഷം, ടി.എസ്.പി). പ്രോജക്ട് പ്രകാരം ₹50,000/- ചെലവിൽ പത്ത് പേർക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. 13-ാം പഞ്ചവൽസര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും ധനസഹായം നൽകുന്നതിനുമായുള്ള മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.)നം. 80/2017/തസ്വഭവ, 03.04.2017] പ്രകാരം സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ 13-ാം പഞ്ചവൽസര പദ്ധതിയുടെ അവശേഷിക്കുന്ന വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.)നം. 22/2018/തസ്വഭവ, 14.02.2018] സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകൾക്കും പകരമാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 അനുസരിച്ച് പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനേ ഒരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗത്തിനോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധിക നിരക്കിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/20-21, 13.04.2022 - മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ടവറുകളുടെ നികുതി നിർണയിക്കുന്നതിനായി കെട്ടിടവിസ്തീർണം കണക്കാക്കിയതിൽ അപാകതക സംഭവിച്ചു- നഗരസഭയ്ക്ക് 5042 രൂപ നഷ്ടം

കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിലുള്ള ടെലിഫോൺ ടവറുകൾക്ക് കെടിടനമ്പർ അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ നിന്ന് മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന ടവറുകളിൽ നിന്ന് നികുതി ഈടാക്കുന്നതിനായി കെട്ടിടവിസ്തീർണം കണക്കാക്കുന്നതിൽ അപാകതകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26.02.2022 ലെ നം.ആർ.ഡി.3/94/2020 തസ്വഭവ ഉത്തരവ് പ്രകാരം നികുതി നിർണയിക്കുന്നതിനായി ടവറുകളുടെ വിസ്തീർണം കണക്കാക്കുമ്പോൾ ടവറിന്റെ തറ വിസ്തീർണം, ജനറേറ്ററിന്റെ തറ വിസ്തീർണം, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള തറയുടെ വിസ്തീർണം, എന്നിവ ഉൾപ്പെടുത്താവുന്നതാണെന്ന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്.

കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എ.റ്റി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടവറിന് ഫയൽ നമ്പർ 10315/21 നമ്പർ ഫയൽ പ്രകാരം 11/179എ എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്.

മേൽ ടവറിനൊടനുബന്ധിച്ച് ജനറേറ്ററും രണ്ട് അനുബന്ധ കെട്ടിടങ്ങളും സ്ഥാപിച്ചിട്ടുണ്ട്.പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണം താഴെ നൽകുന്നു.

സമഭുജത്രികോണാകൃതിയിലുള്ള ടവറിന്റെ വിസ്തീർണം - 8.76 ച.മീ (വശങ്ങൾ 4.5 മീ വീതം)

ജനറേറ്ററിന്റെ വിസ്തീർണം-7.03 ച.മീ

അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണം-2.77ച.മീ (കെട്ടിടം-1 OD BTS)+7.03 ച.മീ (കെട്ടിടം-2 COM.SHELTER)

ആകെ നികുതി നിർണയിക്കാനായി കണക്കാക്കേണ്ട വിസ്തീർണം-26.6 ച.മീ

എന്നാൽ മേൽ ടവറിന് നികുതി നിർണയിച്ചത് പരിശോധിച്ചതിൽ ടവറിന്റെ വിസ്തീർണം നികുതി നിർണയിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ നൽകുന്നു.

| | ടവറിന്റെ വിസ്തീർണം ഉൾപ്പെടുത്താതെ | ടവറിന്റെ വിസ്തീർണം | നികുതി നിർണയിച്ചതിലെ |
|---|---|---|---|

| | നിലവിൽ കണക്കാക്കിയ നികുതി (₹) | ഉൾപ്പെടുത്തി കണക്കാക്കേണ്ടിയിരുന്ന നികുതി (₹) | നഷ്ടം |
|---|---|---|---|
| അടിസ്ഥാന നികുതി | 16.83*500=8415 രൂപ | 25.60*500=12800 | 4385 |
| വർദ്ധനവ് | 0 | 0 | |
| ഇളവ് | 0 | 0 | |
| ആകെ നികുതി | 8415 | 12800 | 4385 |
| സേവന ഉപനികുതി (10%) | 842 | 1280 | 438 |
| ഗ്രന്ഥശാല വരി | 421 | 640 | 219 |
| ആകെ നികുതി (സേവന ഉപനികുതി, ഗ്രന്ഥശാല വരി എന്നിവ ഉൾപ്പെടെ | 9678 | 14720 | 5042 |

ടവറിന്റെ വിസ്തീർണം കണക്കാക്കാതെ നികുതി നിർണയിച്ചതിനാൽ നഗരസഭയ്ക്ക് 5042 രൂപ പ്രതി വർഷ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. നികുതി പുനർനിർണയിച്ച് മേൽ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി - ₹ 88,326.00 അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-377/21 സുഭിക്ഷ കേരളം- വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി |
| അടങ്കൽ | ₹8,00,000.00 (വികസനം ജനറൽ) |
| ചെലവ് | ₹3,17,275.00 (ബിൽ നം. 78/20-21/30.03.21 ) |

പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 80 ച.മീ വിസ്തീർണ്ണമുള്ള കുളം കുഴിച്ച് അതിൽ പടുത വിരിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുക എന്നതായിരുന്നു ഉദ്ദേശ്യം. സ.ഉ(സാധാ)നം.1009/2020 /തസ്വഭവ/29.05.2020 പ്രകാരമാണ് മേൽ സബ്സിഡി നൽകിയിരിക്കുന്നത്.

വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി താഴെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക്(₹) | പരമാവധി സബ്സിഡി(₹) | | | ഗുണഭോക്തൃ വിഹിതം(₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 1,23,000.00 | 32,800.00 മൊത്തം ചെലവിന്റെ 26.666 % | 16,400.00 മൊത്തം ചെലവിന്റെ 13.333 % | 49,200.00 മൊത്തം ചെലവിന്റെ 40 % | 73,800.00 മൊത്തം ചെലവിന്റെ 60 % |

എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ചെലവ് രേഖകൾ പ്രകാരവും, സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും ₹ 1,23,000.00 - ൽ കുറവാണ് എല്ലാ ഗുണഭോക്താക്കൾക്കും ചെലവ് വന്നിട്ടുള്ളത്.ആകെ വന്ന ചെലവിന്റെ 26.666% മാത്രമാണ് നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടത്. എന്നാൽ, 40% നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേരും | ആകെ | നഗരസഭ ഫണ്ടിൽ | നഗരസഭ ഫണ്ടിൽ | അധികം |
|---|---|---|---|---|---|

| നം. | വിലാസവും | വന്നിട്ടുള്ള ചെലവ് (₹) | നിന്നും ആകെ നൽകിയ സബ്സിഡി(₹) | നിന്നും നൽകേണ്ട സബ്സിഡി(₹) (മൊത്തം ചെലവിന്റെ 26.666 %) | നൽകിയത്(₹) |
|---|---|---|---|---|---|
| 1 | ശ്രീ. സുനിൽ.ഒ.കെ, പെരുന്തോട്ടി എസ്റ്റേറ്റ്, കൽപ്പറ്റ. | 89,931.00 | 32,000.00 | 23,981.00 | 8,019.00 |
| 2 | ശ്രീ.അബ്ദുൾ റസാക്ക്, കൊടുവള്ളി | 83,981.00 | 32,000.00 | 22,394.00 | 9,606.00 |
| 3 | ശ്രീ.സുധാകരൻ.സി, തുർക്കി, കൽപ്പറ്റ | 81,231.00 | 31,080.00 | 21,661.00 | 9,419.00 |
| 4 | ശ്രീമതി.താജുന്നിസ.കെ, അമ്പിലേരി, കൽപ്പറ്റ | 78,004.00 | 31,080.00 | 20,801.00 | 10,279.00 |
| 5 | ശ്രീ.സഹദേവൻ.സി, ചുണ്ടേൽ, കൽപ്പറ്റ | 87,467.00 | 31,080.00 | 23,324.00 | 7,756.00 |
| 6 | ശ്രീമതി.മേഘ.എം, മുട്ടിൽ നോർത്ത് | 79,167.00 | 30,740.00 | 21,111.00 | 9,629.00 |
| 7 | ശ്രീമതി.ത്രേസ്യ സെബാസ്റ്റ്യൻ, മുണ്ടേരി | 97,638.00 | 24,000.00 | 26,036.00 | 2,036.00 |
| 8 | ശ്രീ.ആനന്ദൻ, കൈതക്കൊല്ലി, കൽപ്പറ്റ | 76,459.00 | 28,160.00 | 20,389.00 | 7,771.00 |
| 9 | ശ്രീ.ഉണ്ണികൃഷ്ണൻ, എമിലി | 74,660.00 | 28,960.00 | 19,909.00 | 9,051.00 |
| 10 | ശ്രീ.സുനിൽ കുമാർ, തിരുവനന്തപുരം | 77,976.00 | 29,600.00 | 20,793.00 | 8,807.00 |
| 11 | വിജയൻ നെടുങ്ങോട് | 24,400.00 | 9,760.00 | 6,507.00 | 3,253.00 |
| 12 | റഷീദ് മാട്ടുമ്മൽ | 22,874.00 | 8,800.00 | 6,099.00 | 2,700.00 |
| ആകെ | | | | | 88,326.00 |

മേൽ പട്ടിക പ്രകാരം ₹ 88,326.00 അധികം നൽകിയിട്ടുണ്ട്.

മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് നഗരസഭയിൽ നിലവിലില്ല. യൂണിറ്റുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹ 88,326.00ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി - ₹ 51,126 അധികം നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഫ്ലോക്ക് മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-378/21 സുഭിക്ഷ കേരളം- ബയോഫ്ലോക്ക് മത്സ്യ കൃഷി |
| അടങ്കൽ | ₹4,50,000 (വികസനം ജനറൽ) |
| ചെലവ് | ₹2,41,310 (ബിൽ നം. 77/20-21/30.03.21 ) |

പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 Gsm HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലുപ്പമുള്ള 1250 മത്സ്യ

കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുക എന്നതായിരുന്നു ഉദ്ദേശ്യം. സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരമാണ് മേൽ സബ്സിഡി നൽകിയിരിക്കുന്നത്.

ബയോഫ്ലോക്ക് മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി താഴെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക്(₹) | പരമാവധി സബ്സിഡി(₹) | | | ഗുണഭോക്തൃ വിഹിതം(₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 1,38,000.00 | 36,800<br>മൊത്തം ചെലവിന്റെ 26.666 % | 18,400<br>മൊത്തം ചെലവിന്റെ<br>13.333 % | 55,200<br>മൊത്തം ചെലവിന്റെ<br>40 % | 82,800<br>മൊത്തം ചെലവിന്റെ<br>60 % |

എന്നാൽ, ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ ചെലവ് രേഖകൾ പ്രകാരവും, സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും ₹ 1,38,000 - ൽ കുറവാണ് എല്ലാ ഗുണഭോക്താക്കൾക്കും ചെലവ് വന്നിട്ടുള്ളത്.ആകെ വന്ന ചെലവിന്റെ 26.666% മാത്രമാണ് നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടത്. എന്നാൽ, 40% നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ വന്നിട്ടുള്ള ചെലവ് (₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും ആകെ നൽകിയ സബ്സിഡി(₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകേണ്ട സബ്സിഡി(₹) (മൊത്തം ചെലവിന്റെ 26.666 %) | അധികം നൽകിയത്(₹) |
|---|---|---|---|---|---|
| 1 | ശ്രീ. സുധീർ.കെ, കൈനാട്ടി എസ്റ്റേറ്റ്, കൽപ്പറ്റ | 1,17,933 | 36,114 | 31,448 | 4,666 |
| 2 | ശ്രീമതി. സാറാമ്മ ടോമി, കൽപ്പറ്റ | 1,23,282 | 35,204 | 32,874 | 2,330 |
| 3 | ശ്രീ. ബാബു.ടി.യു,മുള്ളൻകൊല്ലി, കൽപ്പറ്റ | 1,11,369 | 34,520 | 29,698 | 4,822 |
| 4 | ശ്രീ.മുർഷാദ്, കൽപ്പറ്റ | 99,530 | 35,912 | 26,541 | 9,371 |
| 5 | ശ്രീ.മോഹൻദാസ്, കൽപ്പറ്റ | 89,081 | 33,687 | 23,754 | 9,933 |
| 6 | ശ്രീ.അജ്മൽ.പി,കൽപ്പറ്റ | 84,773 | 32,827 | 22,606 | 10,221 |
| 7 | ശ്രീ.രാജേന്ദ്ര പ്രസാദ്,കൽപ്പറ്റ | 88,291 | 33,327 | 23,544 | 9,783 |
| ആകെ | | | | | 51,126 |

മേൽ പട്ടിക പ്രകാരം ₹ 51,126 അധികം നൽകിയിട്ടുണ്ട്. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. യൂണിറ്റുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20-21/16.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹ 51,126 ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | ട്രഷറി ബിൽ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | നമ്പർ / തീയതി | പേര് | നൽകിയ തുക(₹) | തുക(₹) | ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ | 70/20-21 /29.03.21 | പൈപ്പ് ലൈൻ നീട്ടൽ | 50,00,000.00 | 0 | 50,00,000.00 |
| കേരള വാട്ടർ അതോറിറ്റി, കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ | 12/20-21 /22.05.20 14/20-21 /22.05.20 71/20-21 /29.03.21 | പൈപ്പ് ലൈൻ നീട്ടൽ | 1,03,65,000.00 | 0 | 1,03,65,000.00 |
| കേരള വാട്ടർ അതോറിറ്റി | 52/20-21 /29.03.21 | പൈപ്പ് ലൈൻ നീട്ടൽ | 50,00,000.00 | 0 | 50,00,000.00 |
| കേരള വാട്ടർ അതോറിറ്റി, കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ | 13/20-21 /22.05.20 | പൈപ്പ് ലൈൻ നീട്ടൽ | 50,00,000.00 | 0 | 50,00,000.00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | KURDFC/ULB /358/2012 | 8,49,600.00 | 3,39,840.00 | 84,960.00 | 0 | 2,54,880.00 |
| എന്റെ ഗൃഹം | CDS/308/2009 | 4,16,30,000.00 | 2,45,16,122.00 | 35,13,415.00 | 29,86,585.00 | 2,10,02,707.00 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര സിക്ഷേപം ഇല്ല, എന്നാൽ, ഇക്വിറ്റി ഷെയർ ആയി ₹ 10,00,000.00 രൂപ നിക്ഷേപം ഉണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 26 | 1999-2000 | 4-70(എ) | അധികദൂരം കൺവേയൻസ് ചാർജ്ജിനായി കണക്കാക്കിയതിൽ നഷ്ടം | തടസ്സം നിലനിൽക്കുന്നു |
| 1998-99 | 40 | 1999-2000 | 4-70(ബി) | മിനി സ്റ്റേഡിയം സ്ഥലം വാങ്ങിയതിൽ ക്രമക്കേടുകൾ | തടസ്സം നിലനിൽക്കുന്നു |
| 1998-99 | 42(B) | 1999-2000 | 4-70(സി) | കൃത്രിമമായി ചെലവ് പെരുപ്പിച്ച് കാണിച്ചു | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 37 | 2001-02 | VI-10(Ii) | വസ്തുനികുതി പുനർ നിർണ്ണയം - 1997-98 - അപാകതകൾ - നഷ്ടം 5,664 രൂപ | തടസ്സം നിലനിൽക്കുന്നു |
| 1997-98 | 32(A) | 2001-02 | VI-10(Ii) | വസ്തുനികുതി നിർണ്ണയം - കുടിശ്ശിക ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടം | തടസ്സം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 99-00 | 34, 18(3) | 2004-05 | 3-12(111) (7)(1) | മരാമത്ത് ബില്ലുകളിൽ അധിക ചെലവ് | തടസ്സം നിലനിൽക്കുന്നു |
| 99-00 | 23(4) | 2004-05 | 3-12(111) (7) (2) | ടാറിംഗ് കരാറുകാർ ലാഭകരമായി തീർപ്പാക്കി | തടസ്സം നിലനിൽക്കുന്നു |
| 2000-01 | 3-9 | 2007-08 | 4.12.1 | ലക്ഷം ഭവന പദ്ധതിക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ | തടസ്സം നിലനിൽക്കുന്നു |
| 2013-14 | - | 2013-14 | 5.2.14 | സെപ്റ്റ് വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീപങ്കാളികൾ | തടസ്സം നിലനിൽക്കുന്നു |
| 2014-15 | - | 2014-15 | അധ്യായം 2 | നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല | തടസ്സം നിലനിൽക്കുന്നു |
| 2015-16 | 3-19 | 2016-17 | 9.1 | ഗ്യാസ് ക്രിമിറ്റോറിയം - പ്രവർത്തനക്ഷമമായില്ല | തടസ്സം നിലനിൽക്കുന്നു |
| 2017-18 | 2-15 | 2018-19 | 1-2 | ബി ഒ ടി ആന്വിറ്റി | |
| 2018-19 | 3-5 | 2019-20 | 3-12(1) | തെരുവു വിളക്ക് പരിപാലനം | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 28,22,26,314 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 28,44,18,930 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 5,042 |
| ചെലവിനങ്ങളിലുള്ള നഷ്ടം | ₹ | 1,39,452 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 74,643,569 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,042 | - | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| 3-1 | - | 88,326 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| 3-2 | - | 51,126 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| ആകെ | 5,042 | 1,39,452 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 24,17,530 | ഡോ.ശ്രീകുമാർ , സൂപ്രണ്ട്,<br>ജനറൽ ആശുപത്രി |
| 1-16 | 2,87,19,860 | ഡോ. ജയകൃഷ്ണൻ ,<br>വെറ്ററിനറി സർജൻ |
| 1-17 | 6,15,000 | ശ്രീ.ബാബുരാജൻ, പട്ടികജാതി വികസന ഓഫീസർ |
| 1-18 | 15,00,000 | ശ്രീ.ബാബുരാജൻ, പട്ടികജാതി വികസന ഓഫീസർ |
| 1-20 | 26,825 | ശ്രീ.സജീവൻ.പി.റ്റി, പ്രിൻസിപ്പാൾ |
| 1-28 | 1,10,660 | ശ്രീ.ബിജു.വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 1,14,978 | ശ്രീ.ബിജു.വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 9,10,000 | ശ്രീ.ദേവദാസ്, സെക്രട്ടറി |
| 1-39 | 2,00,000 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| 1-40 | 3,15,75,000 | ശ്രീ.ദേവദാസ്, സെക്രട്ടറി – 1,69,00,000.00<br>ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി – 1,46,75,000.00 |
| 1-41 | 10,00,000 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-42 | 60,13,716 | ശ്രീ.ദേവദാസ്, സെക്രട്ടറി – 25,13,716.00<br>ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി – 35,00,000.00 |
| 1-43 | 10,00,000 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| 1-44 | 2,28,000 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| 1-45 | 2,12,000 | ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി |
| ആകെ | 74,643,569 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്ദീപ് കുമാർ.വി.എസ്, സെക്രട്ടറി | സെക്രട്ടറി,കൽപ്പറ്റ നഗരസഭ | വൈകുണ്ഠം വീട്, ചവറ, സൗത്ത് കൊല്ലം, വടക്കുംഭാഗം, കൊല്ലം ജില്ല. |
| ശ്രീ.ദേവദാസ് പി.റ്റി, സെക്രട്ടറി ഇൻ ചാർജ്ജ് | സൂപ്രണ്ട്,കൽപ്പറ്റ നഗരസഭ | ശിവകൃപ, വിദ്യാനഗർ, കൽപ്പറ്റ നോർത്ത് പി.ഒ, കൈനാട്ടി, വയനാട് ജില്ല. |
| ഡോ. ശ്രീകുമാർ , സൂപ്രണ്ട്, ജനറൽ ആശുപത്രി | സൂപ്രണ്ട്, ജനറൽ ആശുപത്രി കൽപ്പറ്റ | കനയ്യ, തലായി, തലശ്ശേരി-670102 |
| ഡോ. ജയകൃഷ്ണൻ , വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ, മേപ്പാടി | പത്മശ്രീ, നിയർ ഫാത്തിമ ആശുപത്രി, കൽപ്പറ്റ, വയനാട് ജില്ല. |
| ശ്രീ.ബാബുരാജൻ, പട്ടികജാതി വികസന ഓഫീസർ | SCDO, കൽപ്പറ്റ ബ്ലോക്ക് | മരോട്ടിമൂട്ടിൽ വീട്, കേണിച്ചിറ.പി.ഒ, വയനാട് ജില്ല. |

| | | |
|---|---|---|
| ശ്രീ.സജീവൻ.പി.റ്റി, പ്രിൻസിപ്പാൾ | GVHSS മുണ്ടേരി, കൽപ്പറ്റ | പുളിക്കൽ വീട്, കൽപ്പറ്റ നോർത്ത് പി.ഒ -673122, വയനാട് ജില്ല. |
| ശ്രീ.ബിജു.വി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ | വെട്ടികാട്ടിൽ വീട്, ചെറ്റപ്പാലം.പി.ഒ, പുൽപ്പള്ളി, വയനാട് ജില്ല. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93<br>1993-94 | എൽ.എഫ്.ഡബ്ല്യൂ.ഇ2.181/2009 തീയതി.3.3.09 |
| 1994-95 | എൽ.എഫ്.ഡബ്ല്യൂ.പി1.633/2008 തീയതി.20.3.09 |
| 1995-96 | എൽ.എഫ്.ഡബ്ല്യൂ.പി 2.724/2008 തീയതി.15.4.09 |
| 1996-97 | എൽ.എഫ്.ഡബ്ല്യൂ.ഇ2.204/2009 തീയതി.24.1.09 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ.ഇ4.278/2013 തീയതി 20/05/2013 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ.ഇ4.278/2013 തീയതി.16.5.13 |

| | |
|---|---|
| 1999-00 | എൽ.എഫ്.ഡബ്ല്യു.ഇ4.303/2013 തീയതി.8.7.13 |
| 2000-01 | എൽ.എഫ്.ഡബ്ല്യു.ഇ4.302/2013 തീയതി.8.7.13 |
| 2001-02 | എൽ.എഫ്.ഡബ്ല്യു.ഇ4.604/2013/25.8.14 |
| 2002-03 | എൽ.എഫ്.ഡബ്ല്യു.പി7-.463/2007 തീയതി.18.11.08 |
| 2003-04 | എൽ.എഫ്.ഡബ്ല്യു.ഇ2.759/2009 തീയതി.15.1.10 |
| 2004-05 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.2.1.10 |
| 2005-06 | എൽ.എഫ്.ഡബ്ല്യു.ഇ2.562/2009 തീയതി.11.2.10 |
| 2006-07 | എൽ.എഫ്.ഡബ്ല്യു.ഇ4.473/2013 തീയതി.24.7.13 |
| 2007-08 | എൽ.എഫ്.ഡബ്ല്യു.ഇ2.859/2012 തീയതി.21.11.12 |
| 2008-09 | എൽ.എഫ്.ഡബ്ല്യു.ഇ2.97/2010 തീയതി.2.2.12 |
| 2009-10 | എൽ.എഫ്.ഡബ്ല്യു.ഇ2.858/2012 തീയതി.21.1.13 |
| 2010-11 | എൽ.എഫ്.ഡബ്ല്യു.ഇ2.932/2009 തീയതി.12.5.13 |
| 2011-12 | എൽ.എഫ്.ഡബ്ല്യു.ഇ4.1036/2014 തീയതി.24.3.15 |
| 2012-13 | എൽ.എഫ്.ഡബ്ല്യു.എം1-21/2015 തീയതി.3.5.16 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.866/15/23.8.16 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.1.426/16/03/12/2019 |
| 2015 -16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.2-70/1 തിയ്യതി 7.02.2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം2 622/17തീയതി 10.05.2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഡി1-623/20 തീയതി 25.03.2022 |
| 2018-19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.3 1041/19 തിയ്യതി 3.2.20 |
| 2019-20 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-എം.3- 214/22 തിയ്യതി 28.05.2022 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്